# മിശിഹായോട് ഒന്നുചേരാനുള്ള മാർഗം

**ആർച്ച്ബിഷപ് മാർ ജോസഫ് പവ്വത്തിൽ**



ക്രൈസ്തവ തിരുനാളുകളിൽ സർവപ്രധാനം ഉയിർപ്പുതിരുനാളാണ്. ഉയിർപ്പു സംഭവത്തിൽ പുതിയനിയമത്തിലെ ക്രിസ്തുവിജ്ഞാനീയം ആരംഭം കുറിക്കുന്നു. മിശിഹായുടെ നിലപാടുകളെ പിതാവ് സാധൂകരിച്ച ദിനമായിരുന്നു അത്. പെരുന്നാളുകളുടെ പെരുന്നാളായ ഉയിർപ്പ് - ആ രക്ഷാകരസംഭവത്തിന്റെ അനുഭവത്തിൽ പങ്കുചേരാൻ ഒരുങ്ങുന്ന അവസരമാണ് നോമ്പുകാലം എന്നതിൽ സംശയമില്ല. നമ്മുടെ വിശുദ്ധീകരണത്തിന് നാം നമ്മെത്തന്നെ സജ്ജരാക്കണമല്ലോ.

എന്നാൽ ഇത് ഒരുക്കം മാത്രമല്ല, മിശിഹായോട് ഒന്നുചേരാനുള്ള മാർഗം കൂടിയാണ്. ദൈവത്തിന്റെ ഏകപുത്രൻ നമ്മുടെ രക്ഷ സാധിച്ചത് സ്വയം ശൂന്യനാക്കിക്കൊണ്ടാണ്. 'അവൻ (മിശിഹാ) തന്നെത്തന്നെ ശൂന്യനാക്കി ദാസന്റെ സാദൃശ്യം സ്വീകരിക്കുകയും അങ്ങനെ മനുഷ്യരുടെ സാദൃശ്യത്തിലാവുകയും ചെയ്തു.

അവൻ മനുഷ്യരൂപത്തിലായിരിക്കെ തന്നെത്തന്നെ താഴ്ത്തി. മരണത്തോളം, അതേ കുരിശുമരണത്തോളം അനുസരണമുള്ളവനായി. അതിനാൽ ദൈവം അവനെ ഉയർത്തി'''(ഫിലി.2/9). ഈ സ്വയംശൂന്യമാക്കൽ ഉയിർപ്പിന്റെ മഹത്വത്തിന് അനിവാര്യമാണെന്നാണ് ഇവിടെ സൂചിപ്പിക്കപ്പെടുന്നത്. ആരെങ്കിലും തന്റെ പിന്നാലെ വരാൻ ആഗ്രഹിക്കുന്നെങ്കിൽ തന്റെ കുരിശുമെടുത്തു പിന്നാലെ വരണമെന്നാണല്ലോ അവിടുന്ന് ആവശ്യപ്പെട്ടത്. പലതും ഉപേക്ഷിക്കാതെ മിശിഹായെ പിന്തുടരാൻ പറ്റില്ല.

നോമ്പുകാലത്ത് പൊതുവിൽ നിഷിദ്ധമായ കാര്യങ്ങൾ മാത്രമല്ല നാം മാറ്റിവയ്ക്കേണ്ടത്. നമുക്ക് ആവശ്യമെന്നു തോന്നുന്ന കാര്യങ്ങൾപോലും ഉപേക്ഷിച്ച് ത്യഗത്തിന്റെയും ആത്മനിയന്ത്രണത്തിന്റെയും പാതയിലൂടെ നീങ്ങാനാണ് നാം ശ്രമിക്കേണ്ടത്. ഈശോയുടെ ത്യാഗം ഈ രീതിയിലായിരുന്നുവല്ലോ. 'ദൈവത്തിന്റെ സാദൃശ്യത്തിലായിരുന്നിട്ടും ദൈവത്തോടുള്ള തുല്യത മാറ്റിവയ്ക്കാൻ പാടില്ലാത്തത് കാര്യമായി അവൻ പരിഗണിച്ചില്ല.'(ഫിലി.2/6) എന്നാണല്ലോ തിരുവെഴുത്തു പറയുക. ന്യായമായതുപോലും മാറ്റിവയ്ക്കുന്ന മാതൃകയാണത്.

ഉപവാസത്തിന്റെ പൊരുൾ ഇവിടെയാണ്. ഉപവാസദിനത്തിൽ ഭക്ഷണം തന്നെ പരിവർജിക്കുകയാണ്. നോമ്പുകാലത്ത് മദ്യംപോലുള്ള വസ്തുക്കളോടുള്ള ആസക്തി ഉപേക്ഷിക്കാൻ മാത്രമല്ല സഭ ആവശ്യപ്പെടുന്നത്. മറ്റു ഭക്ഷണപാനീയങ്ങളും പരിവർജിച്ചാണ് ഉപവാസവും മറ്റും ആചരിക്കേണ്ടത്.

ഇന്ന് നോമ്പും ഉപവാസവും പലർക്കും അന്യമായി തീരുകയാണല്ലോ. അതു രക്ഷയുടെ അനുഭവം സ്വായത്തമാക്കുന്നതിന് സഹായകമാകില്ല. ത്യാഗത്തിലൂടെ മാത്രമേ രക്ഷയുടെ മഹത്വീകരണത്തിലെത്താൻ കഴിയൂ.

# അനുതാപത്തിലൂടെ നിത്യജീവനിലേക്ക്

**ഡോ. ജോസഫ് കളത്തിപ്പറമ്പിൽ** (കോഴിക്കോട് രൂപത മെത്രാൻ)

''കർത്താവ് എന്റെ ഇടയനാകുന്നു; എനിക്ക് ഒന്നിനും കുറവുണ്ടാവുകയില്ല... തന്റെ നാമത്തെപ്രതി നീതിയുടെ പാതയിൽ അവിടുന്ന് എന്നെ നയിക്കുന്നു. മരണത്തിന്റെ നിഴൽവീണ താഴ്‌വരയിലൂടെയാണ് ഞാൻ നടക്കുന്നതെങ്കിലും യാതൊരനർഥവും ഞാൻ ഭയപ്പെടുകയില്ല. അവിടുന്നാണല്ലൊ എന്റെ കൂടെയുള്ളത്...'' (സങ്കീ 23; 1-4) എന്നു പാടുന്ന സങ്കീർത്തകന്റെ മനസോടുകൂടെ മനുഷ്യന്റെ പാപാത്മകതയിൽ നിന്ന് ഉരുവായ ആത്മീയമരണത്തിൽ നിന്നു ദൈവം മനുഷ്യനെ രക്ഷിച്ചതിനെ അനുസ്മരിച്ചുകൊണ്ട് വീണ്ടും ഒരു ഈസ്റ്റർ കാലത്തിന്റെ വരവിനായി നാം കാത്തിരിക്കുകയാണ്. അതിനു മുന്നോടിയായി ക്രിസ്തുവിന്റെ പീഡാസഹനവും കുരിശുമരണവും ധ്യാനിച്ചുകൊണ്ട് പെസഹാരഹസ്യങ്ങൾ ആചരിക്കാനുള്ള ഒരുക്കത്തിലാണ് ക്രൈസ്തവലോകം മുഴുവൻ. നാൽപ്പത് ദിവസത്തെ സുദീർഘമായ ഈ ഒരുക്കകാലം പ്രാർഥന, ഉപവാസം, ദാനധർമം എന്നീ സുകൃതങ്ങളുടെ അഭ്യാസത്തിനായി നാം കരുതിവയ്ക്കുകയും ക്രിസ്തുവിന്റെ പീഡാസഹന- മരണ- ഉത്ഥാന രഹസ്യങ്ങൾ ആരാധനാക്രമത്തിലൂടെ പുനരാവിഷ്കരിക്കുകയും അവയിൽ ആത്മനാ പങ്കുചേരുകയും ചെയ്യുന്നു.

''മനുഷ്യാ നീ മണ്ണാകുന്നു, നീ മണ്ണിലേക്കുതന്നെ മടങ്ങുന്നു'' എന്ന് ആലപിച്ചുകൊണ്ട് ആരംഭിക്കുന്ന നോമ്പുകാലം, മരണത്തെ തോൽപ്പിച്ച് നിത്യജീവനിലേക്ക് പ്രവേശിക്കുന്ന ക്രിസ്തുവിന്റെ ഉയിർപ്പിൽ ദൈവമക്കളായ നമുക്ക് മാമ്മോദീസാ ഉടമ്പടിയിലൂടെ കൈവന്ന പങ്കാളിത്തത്തിൽ ആഹ്ലാദിച്ചുകൊണ്ട് ഹല്ലേലൂയാ ഗീതങ്ങൾ ആലപിച്ച് ഉയിർപ്പു തിരുനാളോടെ അവസാനിക്കുകയും ചെയ്യും. നാൽപ്പതു ദിവസത്തെ ഈ ഒരുക്കകാലം അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാനുള്ള ആഹ്വാനവുമായാണു കടന്നുവരുന്നത്. ഈ വിശുദ്ധമായ നോമ്പുകാലത്ത് അനുതാപത്തോടെ ദൈവത്തിലേക്ക് തിരിയേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ വിചിന്തനത്തിലും നമ്മെ ഓർമിപ്പിക്കുന്നു.

നമ്മെ പാപത്തിന്റെ അടിമത്തത്തിലേക്ക് നയിക്കുന്ന, നല്ലതല്ലാത്തതും അർഥശൂന്യവുമായ എല്ലാറ്റിൽ നിന്നുമുള്ള മനസുതിരിവിനെയാണു അനുതാപം എന്നു പറയുന്നത്. അനുതാപം അർഥശൂന്യതയിൽനിന്ന് അർഥപൂർണതയിലേക്ക്, ക്രിസ്തുവിലേക്ക് നമ്മെ നയിക്കുന്നു. സുവിശേഷത്തിൽ വിശ്വസിക്കുക എന്നു പറയുന്നതിന്റെ അർഥം ക്രിസ്തുവിൽ വിശ്വസിക്കുക എന്നു തന്നെയാണ്. കാരണം ക്രിസ്തുവാണു ദൈവപിതാവിൽ നിന്നും ഈ ലോകത്തിനു ലഭിച്ച ഏറ്റവും വലിയ സദ്വാർത്ത. ക്രിസ്തുവിന്റെ പീഡാസഹന-മരണ- ഉത്ഥാനമാകുന്ന പെസഹാ രഹസ്യങ്ങളാണു നമ്മെ പാപത്തിന്റെയും മരണത്തിന്റെയും നിഴൽവീണ താഴ്‌വരയിൽ നിന്നു നിത്യജീവനിലേക്ക് നയിക്കുന്നത്. അങ്ങനെ ക്രിസ്തുവിലേക്കുള്ള മനസുതിരിവു വഴി നാം ദൈവത്തിന്റെ മുമ്പിൽ നീതികരിക്കപ്പെടുന്നു. ദൈവികജീവനിൽ പങ്കുകാരാകാനുള്ള മനുഷ്യന്റെ യോഗ്യത മാനുഷികമായ ഒന്നിൽനിന്നും സാധ്യമല്ല. സർവോപരി അത് ദൈവകൃപയിൽ നിന്നു മാത്രമാണു സാധ്യമാകുക. സങ്കീർത്തകൻ പറയുന്നതുപോലെ അവിടുത്തെ നാമത്തെപ്രതിയാണു നാം നീതിയുടെ പാതയിൽ നയിക്കപ്പെടുന്നത്.

അതുപോലെ തന്നെ ദൈവത്തിലേക്കുള്ള ഈ മനസുതിരിവിനു മറ്റൊരു മുഖവുമുണ്ട്. അനുതാപമെന്നാൽ മനുഷ്യനിലേക്കും അവന്റെ ആവശ്യങ്ങളിലേക്കുമുള്ള മനസുതിരിവ് കൂടിയാണ്. അപരന്റെ ആവശ്യങ്ങളെ മാനിക്കുമ്പോൾ മാത്രമേ പ്രാർഥനയ്ക്കും ഉപവാസത്തിനും അർഥമുള്ളു. ദൈവത്തിലുള്ള വിശ്വാസവും അയൽക്കാരനോടുള്ള കരുണയും തമ്മിൽ അഗാധമായ ഒരു ബന്ധമുണ്ട്.

അങ്ങനെ, ദൈവത്തിലേക്കും മനുഷ്യനിലേക്കും മനസുതിരിയാനും, തിന്മയായതിനെ ഉപേക്ഷിച്ച് സൽപ്രവൃത്തികൾ ചെയ്ത് ക്രിസ്തുവിന്റെ രക്ഷാകരമായ പെസഹാരഹസ്യങ്ങളിൽ പങ്കുചേർന്ന് അർഥപൂർണമായ നോമ്പുകാലവും ആഹ്ലാദഭരിതമായ ഉയിർപ്പുതിരുനാളും ആഘോഷിക്കാനും, ഏവർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

# നോമ്പ് മനുഷ്യനെ ദൈവത്തോട് രമ്യപ്പെടുത്തുന്നു

**മോൺ.ഡോ. സ്തേഫാനോസ് റമ്പാൻ** (തിരുവല്ല അതിരൂപത നിയുക്ത സഹായ മെത്രാൻ)

നോമ്പുകാലത്തു നാം ഇപ്രകാരം പ്രാർഥിക്കുന്നു - നോമ്പു നല്ലതും ജാഗരണം യോഗ്യവും അപേക്ഷയും പ്രാർഥനയും സ്നേഹിക്കപ്പെട്ടതുമാകുന്നു. ഇവ കോപത്തെ ശാന്തമാക്കി ആത്മശരീരങ്ങളെ ശുദ്ധീകരിക്കുന്നു. നോമ്പാലും പ്രാർഥനയാലും മനുഷ്യരോടു നിരപ്പാകുന്ന കർത്താവേ നിനക്കു സ്തുതി.

ഈ പ്രാർഥനയിലൂടെ നോമ്പിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വെളിവാകുന്നു. നോമ്പ് പ്രധാനമായും മനുഷ്യനെ ദൈവത്തോടു രമ്യപ്പെടുത്തുന്നു. എപ്രകാരം നോമ്പും ഉപവാസവും പ്രാർഥനയും കൊണ്ടു മനുഷ്യൻ തന്റെ ആത്മശരീരങ്ങളെ ശുദ്ധീകരിച്ചുകൊണ്ട് ദൈവത്തിന്റെ മക്കളായി ജീവിക്കാൻ പരിശ്രമിക്കുമോ അപ്പോൾ മുതൽ മനുഷ്യൻ ദൈവവുമായി രമ്യപ്പെട്ടുകൊണ്ട് ഒരു ജീവിതം ആരംഭിക്കുകയാണ്. നമ്മെ വിശുദ്ധീകരിക്കുന്നതിനുള്ള നോമ്പാകണം നാം അനുഷ്ഠിക്കേണ്ടത്. സ്വയം വിശുദ്ധീകരണത്തിനുള്ള അനുഷ്ഠാനമാകണം നോമ്പ്. കൂടുതൽ നിഷ്ഠയോടു പ്രാർഥിക്കുകയും ജാഗരണം അനുഷ്ഠിക്കുകയും വേണം. ശരീരം ഭക്ഷണത്തിൽ നിന്ന് ഉപവസിക്കുമ്പോൾ നമ്മുടെ ആത്മാവ് ദുഃഷ്ചിന്തകളെയും ദുർവികാരങ്ങളെയും വർജിച്ചുകൊണ്ട് ജീവിക്കാൻ ഇടയാകണം. എങ്കിൽ മാത്രമേ നാം എടുക്കുന്ന നോമ്പിലൂടെ സ്വയം വിശുദ്ധീകരിക്കപ്പെടുകയുള്ളൂ.

പഴയനിയമകാലത്തു ദീർഘദർശിയായ മോശ വെടിപ്പും വിശുദ്ധിയുമുള്ള നോമ്പ് നോൽക്കുകയും ദൈവത്തെ പ്രസാദിപ്പിക്കുകയും ഇസ്രയേൽ ജനതയ്ക്കുവേണ്ടി കല്പലകകൾ വാങ്ങുകയും ചെയ്തു. ഏലിയാ പ്രവാചകൻ ഉപവസിച്ചു പ്രാർഥിച്ചു ദൈവസന്നിധിയിലേക്ക് എടുക്കപ്പെട്ടു. യേശു തമ്പുരാൻ 40 ദിനരാത്രങ്ങൾ ഉപവസിക്കുകയും പിതാവായ ദൈവവുമായുള്ള നിരന്തര ബന്ധത്തിലായിരിക്കുകയും ചെയ്തുകൊണ്ട് ലോകത്തിലെ സകലതിന്മകളെയും കീഴടക്കുകയും പരീക്ഷകളെ തരണം ചെയ്യാൻ ശക്തിപ്രാപിക്കുകയും ചെയ്തു. ഇത്തരത്തിൽ ഉപവാസത്താലും പ്രാർഥനയാലും ലോകത്തിന്റെ പ്രലോഭനങ്ങളെ നാമും

ധൈര്യപൂർവം നേരിടണം. നോമ്പനുഷ്ഠിക്കുന്ന നാം യഥാർഥത്തിൽ നിത്യജീവന്റെ അവകാശികളാകുകയാണ്. എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നവൻ സ്വയം പരിത്യജിച്ചു സ്വന്തം കുരിശെടുത്ത് എന്നെ അനുഗമിക്കട്ടെ എന്നതാണ് യേശുക്രിസ്തുവിന്റെ ആഹ്വാനം.

ഉപവാസത്തിലൂടെ എല്ലാ ആസക്തികളിൽ നിന്നും ശരീരത്തെയും അതുവഴി മനസിനെയും പരിശുദ്ധമായി സൂക്ഷിക്കാൻ മനുഷ്യനു സാധിക്കും. എന്നാൽ ഇന്നു മനുഷ്യൻ പല രീതിയിലാണ് ഉപവാസം അനുഷ്ഠിക്കുന്നത്. ആന്തരികാർഥം മനസിലാക്കാതെ ബാഹ്യമായി മാത്രം ഉപവസിക്കുന്നവരുണ്ട്. എന്നാൽ മറ്റാരുടെയും നിർബന്ധത്തിനു വഴങ്ങിയോ നിയമത്തിന്റെ അനുഷ്ഠാനത്തിനുവേണ്ടിയോ അല്ല നോമ്പ് അനുഷ്ഠിക്കേണ്ടത്. നോമ്പിന്റെ ആന്തരിക അർഥം മനസിലാക്കി, സ്വയം ശുദ്ധീകരണത്തിന്റെ മാർഗമായി കർത്താവു നമ്മോടു കല്പിച്ചതുപോലെ അതിനെ അനുഷ്ഠിക്കേണ്ടതുണ്ട്.

പാപത്തിലൂടെ ദൈവത്തിൽ നിന്നകന്ന മനുഷ്യനു ദൈവത്തിങ്കലേക്കു പൂർണഹൃദയത്തോടെ തിരിയാനുള്ള അവസരമാണ് ഉപവാസം. നമ്മുടെ പാപങ്ങളുടെ പരിഹാരത്തിനായി സ്വർഗത്തിൽ മഹത്വം നേടുന്നതിനായി കർത്താവു നമുക്കു കല്പിച്ചുതന്നിട്ടുള്ള ആത്മീയായുധങ്ങളായ നോമ്പ്, ഉപവാസം, പ്രാർഥന എന്നിവ അനുഷ്ഠിച്ചുകൊണ്ട് ജീവിത വിശുദ്ധീകരണത്തിനായി യേശുക്രിസ്തുവിന്റെ കുരിശിന്റെ വഴിയിലൂടെ കർത്താവിനോടൊപ്പം മരണവും ഉത്ഥാനവും മുന്നിൽകണ്ടു നമുക്കു ജീവിക്കാം.



# പുതിയ മനുഷ്യരാകുക

**മോൺ. റെമിജിയോസ് ഇഞ്ചനാനിയിൽ** (താമരശേരി രൂപതയുടെ നിയുക്ത മെത്രാൻ)

ക്രിസ്തുവിന്റെ ഉത്ഥാന തിരുനാളാഘോഷത്തിന് ഒരുക്കമായുള്ള നോമ്പുകാലത്തിന്റെ ചൈതന്യത്തിലാണല്ലോ നാമിപ്പോൾ. കഴിഞ്ഞകാല ജീവിതം വിലയിരുത്താനും നമ്മു ടെ 'പഴയ ജീവിതരീതിയിൽനിന്ന് രൂപംകൊണ്ട വഞ്ചന നിറഞ്ഞ ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ദൂരെയെറിഞ്ഞ് മനസിന്റെ ചൈതന്യത്തിൽ നവീകരിക്കപ്പെട്ട, യഥാർഥ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ ധരിക്കാനും' ആഹ്വാനം ചെയ്യുന്നതാണ് ഈ കാലഘട്ടം.

പഴയ മനുഷ്യനിൽനിന്ന് പുതിയ മനുഷ്യനിലേക്കുള്ള യാത്ര അത്ര എളുപ്പമല്ല. ഇസ്രയേൽ ജനത്തെ ഫറവോയുടെ അടിമത്തത്തിൽ നിന്നു മോശയുടെ നേതൃത്വത്തിൽ ദൈവം അദ്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ട് മോചിപ്പിച്ചു. അവർക്ക് രാവും പകലും യാത്ര ചെയ്യാനാവുംവിധം പകൽ വഴികാട്ടാൻ മേഘസ്തംഭത്തിലും രാത്രി പ്രകാശം നല്കാൻ അഗ്നിസ്തംഭത്തിലും അവർക്കുമുമ്പേ പോയി. ചെങ്കടലിനും ഫറവോയുടെ സൈന്യത്തിനുമിടയിൽ കുടുങ്ങിപ്പോയ ദൈവജനത്തോട് ''ഭയപ്പെടാതെ ഉറച്ചുനിൽക്കുവിൻ, നിങ്ങൾക്കുവേണ്ടി ഇന്നു കർത്താവു ചെയ്യാൻ പോകുന്ന രക്ഷാകൃത്യം നിങ്ങൾ കാണും, കർത്താവ് നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്തുകൊള്ളും, നിങ്ങൾ ശാന്തരായിരുന്നാൽമതി.'' (പുറപ്പാട്.14:13) എന്നരുളിച്ചെയ്തുകൊണ്ട് ചെങ്കടൽ വിഭജിച്ച് അവരെ രക്ഷിച്ചു. കയ്പുള്ള മാറായിലെ ജലം മാധുര്യമുള്ളതാക്കുകയും റഫീദിമിൽ വച്ചു പാറ പിളർന്ന് ജലം നൽകി അവരുടെ ദാഹം ശമിപ്പിക്കുകയും അവർക്കു വിശപ്പടക്കാൻ മന്നയും കാടപ്പക്ഷിയും മതിയാകുവോളം നൽകുകയും ചെയ്തു. എങ്കിലും അതെല്ലാംമറന്ന് ഉപേക്ഷിച്ചുപോന്ന ഈജിപ്തിലെ ഇറച്ചിപ്പാത്രങ്ങളെക്കുറിച്ച് വിലപിക്കുന്ന ഇസ്രയേൽ ജനത്തെയാണ് നാം കാണുന്നത്. അതുകൊണ്ടാണ് ഈ മാറ്റം അത്ര എളുപ്പമല്ല എന്ന് കരുതുന്നത്. എന്താണ് ഇതിനുകാരണം?

ദൈവത്തിന്റെ മലയായ ഹോറെബിൽവച്ച് മുൾപ്പടർപ്പിന്റെ മധ്യത്തിൽ നിന്നു ജ്വലിച്ചുയർന്ന അഗ്നിയിലൂടെ ആഴമായ ദൈവസ്നേഹാനുഭവം സ്വന്തമാക്കിയ മോശ അശുദ്ധിയുടെ ചെരിപ്പുകൾ അഴിച്ചുമാറ്റി വിശുദ്ധി സ്വന്തമാക്കുകയും അടിമത്തത്തിൽ കഴിഞ്ഞ ദൈവത്തിന്റെ ജനം ആ വിശുദ്ധിയുടെ തണലിൽ കാനാൻ ദേശത്തു പ്രവേശിക്കുകയും ചെയ്യുന്ന അദ്ഭുതമാണ് നാം ദർശിക്കുന്നത്.

തനിക്കു ലഭിച്ച ആത്മസാക്ഷാത്കാരാനുഭവം ദൈവാന്വേഷികളുമായി പങ്കുവയ്ക്കുമ്പോൾ മോശ നൽകുന്ന ഉപദേശമിതാണ്: ''ദൈവത്തെ പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണശക്തിയോടുംകൂടി സ്നേഹിക്കണം. ഇതു ജാഗരൂകതയോടെ മക്കളെ പഠിപ്പിക്കണം. എപ്പോഴും എല്ലായിടത്തും ഇതേപ്പറ്റി സംസാരിക്കണം.'' (നിയ 6:4) ഈ വിലയേറിയ ദൈവസ്നേഹാനുഭവം സ്വന്തമാക്കാൻ നോമ്പുകാലം നമ്മെ ഓരോരുത്തരെയും ക്ഷണിക്കുകയാണ്. അപ്പോൾ നമ്മിലും കുടുംബത്തിലും സമൂഹത്തിലും അദ്ഭുതങ്ങൾ സംഭവിക്കും. ഇറച്ചിക്കലങ്ങൾ നാം അന്വേഷിക്കുകയില്ല.

കറതീർന്ന ദൈവസ്നേഹം ആഴത്തിൽ വേരൂന്നിയിട്ടുള്ള തിന്മകൾ വർജിക്കാൻ നമ്മെ നിർബന്ധിക്കും. അപ്പോൾ പഴയമനുഷ്യനെ ഉരിഞ്ഞുകളയാൻ നമുക്ക് സാധിക്കും. പഴയമനുഷ്യനെ ഉരിഞ്ഞുകളഞ്ഞാൽ മാത്രം പോരാ പുതിയ മനുഷ്യനെ ധരിക്കുകയും വേണം എന്ന പൗലോസ് അപ്പസ്തോലന്റെ ഉപദേശം നമുക്ക് സ്വീകരിക്കാം.

വ്യാജം പറയുന്നവർ അതു വെടിഞ്ഞാൽ മാത്രം പോര, സത്യം സംസാരിക്കാൻ തുടങ്ങണം. മോഷ്ടാവ് മോഷണം നിർത്തിയാൽ പോരാ വീണ്ടും ഈ തിന്മയിലേക്ക് വീഴാതിരിക്കാൻ സ്വന്തം കൈകൊണ്ട് അധ്വാനിച്ച് സമ്പാദിക്കുകയും മറ്റുള്ളവരുമായി അതു പങ്കുവയ്ക്കുകയും ചെയ്യണം. തിന്മ പറയുന്നവർ ആ തിന്മയിൽ നിന്ന് പിൻതിരിഞ്ഞ് കേൾവിക്കാർക്ക് ആത്മീയ ചൈതന്യം ലഭിക്കുന്ന നല്ല കാര്യങ്ങൾ സന്ദർഭമനുസരിച്ച് സംസാരിക്കണം. ദ്രോഹം ചെയ്തവരോട് പൂർണമായും ക്ഷമിക്കുകമാത്രമല്ല അവരോട് കരുണ കാണിച്ചുകൊണ്ട് ഹൃദയാർദ്രതയോടെ പെരുമാറുകയും ചെയ്യണം (എഫേ 4:25). യേശുസ്നേഹമനുഭവിച്ച് തിന്മവെടിഞ്ഞ സക്കേവൂസ് തന്റെ സ്വത്തിന്റെ പകുതി ദരിദ്രർക്ക് കൊടുത്തു. വഞ്ചിച്ചെടുത്തതിന്റെ നൂറിരട്ടി തിരിച്ചുകൊടുത്ത് പുതിയ മനുഷ്യനെ ധരിച്ചു. ഈ മാതൃക നാമും അനുകരിക്കണം.

ദൈവസ്നേഹം അനുഭവിച്ച് പഴയ ജീവിതരീതികളിൽനിന്ന് പിന്മാറി പുതിയ സൃഷ്ടികളാകാൻ ഈ നോമ്പുകാലം നമ്മെ സഹായിക്കട്ടെ.

# വലിയ നോമ്പ്: സഹോദരസ്നേഹത്തിന്റെ വസന്തകാലം

**മാർ മാത്യു മൂലക്കാട്ട്** (കോട്ടയം അതിരൂപത ആർച്ച്ബിഷപ്)

ആത്മനവീകരണത്തിനും ജീവിത വിശുദ്ധീകരണത്തിനുമായി ആത്മാർഥതയോടെ യത്നിക്കാനുള്ള അനുഗ്രഹീത അവസരമാണ് നോമ്പുകാലം. ഈശോ തന്റെ പീഡാസഹനത്തിലൂടെയും കുരിശുമരണത്തിലൂടെയും സ്നേഹത്തിന്റെ അനന്തസാധ്യതകൾ വെളിവാക്കിക്കൊണ്ട് മനുഷ്യമഹത്വത്തിന്റെ ഔന്നത്യങ്ങളിലേക്കു വളരാൻ ഈ നോമ്പുകാലത്തിൽ നമ്മെ പ്രത്യേകം ക്ഷണിക്കുന്നു. അവിടുത്തെപ്പോലെ കുരിശുവഹിച്ചുകൊണ്ട് സഹനവഴിയിലൂടെ ചരിച്ച് വിജയസോപാനത്തിലേക്കു നടന്നടുക്കാനാണ് നോമ്പുകാലം നമ്മോടാവശ്യപ്പെടുന്നത്. സ്വന്തം കുരിശുവഹിച്ച് എന്റെ പിന്നാലെ വരാത്തവന് എന്റെ ശിഷ്യനായിരിക്കാൻ കഴിയുകയില്ല (ലൂക്കാ 14:27) എന്ന് ഈശോ വ്യക്തമായി നമ്മോട് പറയുന്നുണ്ടല്ലോ.

സ്നേഹത്തിന്റെ ഏറ്റവും ഉന്നതമായ ഭാവമാണ് ഈശോയുടെ കുരിശ്. കുരിശു വഹിക്കുന്നതിലൂടെ സ്നേഹത്തിന്റെ ഈ ഔന്നത്യത്തിലേക്കു നാം ഓരോരുത്തരും ഉയരണമെന്നാണ് അവിടുന്ന് ആഗ്രഹിക്കുന്നത്. അതാണ് നമ്മുടെ ജീവന്റെ സ്രോതസും പോഷണവും. സഹോദരനുവേണ്ടി ജീവൻ ത്യജിക്കുന്നതിനേക്കാൾ വലിയ സ്നേഹമില്ല (യോഹ 15:13). അപരനുവേണ്ടി അപ്രകാരം നൽകപ്പെടുന്നതിലൂടെയാണ് നാം യഥാർഥ ജീവനിലേക്കു പ്രവേശിക്കുന്നത്. "ഗോതമ്പുമണി നിലത്തുവീണഴിയുന്നില്ലെങ്കിൽ അതു തനിയെ ഇരിക്കുന്നു. അഴിയുന്നെങ്കിലോ അതു വളരെ ഫലം പുറപ്പെടുവിക്കുന്നു. തന്റെ ജീവനെ സ്നേഹിക്കുന്നവൻ അതു നഷ്ടമാക്കുന്നു: തന്റെ ജീവനെ നഷ്ടപ്പെടുത്തുന്നവൻ നിത്യജീവനുവേണ്ടി അതിനെ കാത്തു സൂക്ഷിക്കും (യോഹ.12:24,25)

സഹോദരങ്ങളെ യഥാർഥമായി സ്നേഹിക്കാൻ സാധിക്കുന്നത് അവർക്കായി സഹനങ്ങൾ ഏറ്റെടുക്കുമ്പോൾ മാത്രമാണ്. സ്വന്തം ജീവിതത്തെക്കുറിച്ചു മാത്രമുള്ള വ്യഗ്രത ജീവിതത്തെ പരിപോഷിപ്പിക്കുകയല്ല, പരിതാപകരമാക്കുകയാണ് ചെയ്യുന്നത്. എനിക്കെന്റെ കാര്യം മാത്രം എന്ന ചിന്തയോടെ ജീവിക്കാൻ പരിശ്രമിക്കുന്നവൻ നിലത്തു വീണഴിയാത്ത ഗോതമ്പുമണിപോലെ ഫലശൂന്യരായിത്തീരുന്നു. തന്നിലേക്കു സ്വയം അടയുന്നതിനു പകരം അപരന്റെ വേദനയിൽ പങ്കു ചേർന്നുകൊണ്ട് അവന്റെ സഹനത്തെ സന്തോഷത്തോടെ ഏറ്റെടുക്കുന്നതിലൂടെ ഓരോ വ്യക്തിയും സ്നേഹത്തിലേക്കും അതുവഴി പൂർണതയിലേക്കും വളരുകയാണ് ചെയ്യുന്നത്.

സുഖഭോഗങ്ങളുടെ പിന്നാലെ അന്ധമായി പരക്കംപായുന്ന ലോകത്തിന് ഈ ജീവിതദർശനത്തിന്റെ മഹത്വം ഉൾക്കൊള്ളാനാവില്ല. ആഗ്രഹിക്കുന്നതെല്ലാം സ്വന്തമാക്കുന്നതാണ് ജീവിതസാക്ഷാത്കാരം എന്നു വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്ന ഉപഭോഗസംസ്കാരത്തിൽ സ്വന്തം ജീവിതം സഹജീവികൾക്കുവേണ്ടി കൂടി മാറ്റിവയ്ക്കുകയെന്നത് അർഥരഹിതവും അപ്രായോഗികവുമായി തോന്നുന്നതിൽ അദ്ഭുതമില്ല. ദൈവവിശ്വാസം ആധ്യാത്മികതലത്തിൽ മാത്രം ഒതുങ്ങി നിർത്തേണ്ട തീർത്തും വ്യക്തിപരമായ ഒരനുഭവമല്ല. അനുദിന ജീവിതത്തിന്റെ സമസ്തമേഖലകളെയും ചൈതന്യനിർഭരമാക്കുന്ന ഒരു ജീവിതക്രമമാണത്. അപരനെ നിഷേധിച്ചുകൊണ്ട് സ്വയം സ്ഥാപിക്കാൻ ശ്രമിക്കുന്നതിലൂടെയല്ല, മറിച്ച് യേശുക്രിസ്തുവിനെപ്പോലെ സ്വന്തം ജീവിതം തന്നെ വിലയായി കൊടുത്ത് അപരന്റെ അസ്തിത്വം ഉറപ്പിക്കുന്നതിലൂടെയാണ് മനുഷ്യത്വം ഫലമണിയുന്നതെന്ന് നാം തിരിച്ചറിയണം. ഈശോ ജീവിച്ചുകാണിച്ചതും അനേകായിരം വിശുദ്ധർ അനുകരിച്ചതുമായ ഈ ജീവിതദർശനമാണ് ക്രൈസ്തവ സാമൂഹികതയുടെ കാതൽ.

ഓരോ വ്യക്തിയുടെയും വളർച്ചയ്ക്ക് അപരനുമായുള്ള ബന്ധം അനിവാര്യമാണ്. മറ്റുള്ളവരെ ആശ്രയിച്ചും സ്നേഹിച്ചും സാമൂഹ്യജീവിയായി വളരാനാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. പരസ്പരം സ്നേഹിക്കുമ്പോഴേ നാം യഥാർഥത്തിൽ ഈശോയുടെ ശിഷ്യരാവുകയുള്ളൂ. അവിടുന്നു പറഞ്ഞു: നിങ്ങളുടെ പരസ്പരസ്നേഹം വഴി നിങ്ങൾ എന്റെ ശിഷ്യരാണെന്ന് ലോകം അറിയും (യോഹ.13:35). ഞാൻ എനിക്കു മാത്രം എന്ന ചിന്ത വെടിഞ്ഞ് ഞാൻ എന്റെ സഹോദരന്റെ കാവൽക്കാരനാണ് എന്ന മനോഭാവത്തിലേക്കു വളരാൻ ഈ നോമ്പുകാലത്ത് നമുക്കു ശ്രമിക്കാം. സഹോദരന്റെ ആവശ്യങ്ങൾ അവഗണിച്ച് ആർത്തിയോടെ

എല്ലാം സ്വന്തമാക്കാൻ പരിശ്രമിക്കുന്ന മനോഭാവത്തിന്റെ വൈകല്യം തിരിച്ചറിയാൻ നമുക്കു സാധിക്കട്ടെ. പരിത്യാഗത്തിലൂടെയും ആത്മനിയന്ത്രണത്തിലൂടെയും സഹോദരങ്ങളുടെ നന്മയ്ക്കായി നമ്മെയും നമുക്കുള്ളതും വിഭജിച്ചു നൽകിക്കൊണ്ട് യഥാർഥ മനുഷ്യമഹത്വത്തിലേക്കു വളരാൻ നോമ്പുകാലത്തിന്റെ ശേഷിക്കുന്ന ദിനങ്ങൾ നമുക്ക് സഹായകമാകട്ടെയെന്ന് പ്രാർഥിക്കുന്നു. ഈശോയുടെ പുനരുത്ഥാനത്തിരുനാളിന്റെ മംഗളങ്ങൾ ഏവർക്കും ഏറ്റം സ്നേഹപൂർവം നേരുന്നു.



# കുരിശിന്റെ മഹത്വവും ലക്ഷ്യവും മനസിലാക്കേണ്ട കാലം

**ആർച്ച് ബിഷപ് ഡോ. സൂസപാക്യം** (ലത്തീൻ അതിരൂപത, തിരുവനന്തപുരം)

വിംബിൾഡൺ ജേതാവായ ആർതർ ആഷെയുടെ ജീവിതത്തിലുണ്ടായ ദുരന്തം പലരും കേട്ടിട്ടുണ്ടാവും. 1983 ൽ ഒരു ശസ്ത്രക്രിയയ്ക്കു വിധേയനായ അദ്ദേഹത്തിന് ലഭിച്ച രക്തത്തിലൂടെ അദ്ദേഹത്തിനു എയ്ഡ്സ് രോഗം ബാധിച്ചു. ലോകത്തെമ്പാടുമുള്ള ആരാധകർ അദ്ദേഹത്തോട് സഹതാപം പ്രകടിപ്പിച്ചുകൊണ്ട് അയച്ച മിക്കവാറും സന്ദേശങ്ങളിൽ ഇങ്ങനെ ഒരു സന്ദേഹമുണ്ടായിരുന്നു. ദൈവം എന്തേ അങ്ങയോട് ഇങ്ങനെ പെരുമാറുന്നു? അദ്ദേഹത്തിന്റെ മറുപടി ഇങ്ങനെയായിരുന്നു:

ലോകത്തിൽ അഞ്ചു കോടി കുട്ടികളെങ്കിലും ടെന്നീസ് കളിക്കുന്നു. അതിൽ അഞ്ചു ശതമാനമാണ് കളിയിൽ പിടിച്ചുനിൽക്കുക. അവരിൽ 10 ശതമാനം, അതായത് 50,000 പേരാണ് മത്സരരംഗത്തെത്തുക. അതിലും 10 ശതമാനമാണ് ഒന്നാംകിട മത്സരങ്ങളിൽ എത്തുക. അതിൽ 10 ശതമാനത്തിനാണ് വൻകിട മത്സരങ്ങൾക്കവസരം കിട്ടുക. ആ അഞ്ഞൂറിൽ അമ്പതു പേർക്കാണ് വിംബിൾഡൺ പോലുള്ള മത്സരങ്ങളിൽ പങ്കെടുക്കാനാവുക. അവരിൽ രണ്ടാളാണ് ഫൈനലിലെത്തുക. അതിൽ ഒരാളാണ് വിജയിക്കുക. ഈ കടമ്പകളെല്ലാം കടന്ന് പലവട്ടം ഞാൻ കിരീടം നേടിയപ്പോൾ എന്തേ ദൈവം ഇങ്ങനെ ചെയ്യുന്നു എന്ന് ആരും എന്നോടു ചോദിച്ചില്ല? അതുകൊണ്ട് ഇപ്പോഴും എന്തേ ദൈവം എന്നെ ഇതിനായി തെരഞ്ഞെടുത്തു എന്ന് ഞാൻ തെരക്കുന്നില്ല. ദൈവത്തിന്റെ വഴികൾ നിഗൂഢമാണ്. വിജയമായാലും പരാജയമായാലും അവിടുന്നു നന്മയ്ക്കായി പരിണമിപ്പിക്കുന്നു.

ജീവിതത്തിന്റെ മഹാപ്രതിസന്ധിക്കു മുന്നിൽ മഹാനായ ഒരു ടെന്നീസ് താരം നടത്തിയ വിശ്വാസപ്രഖ്യാപനം, കുരിശിന്റെ മഹത്വം അനുസ്മരിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്ന നോമ്പു കാലത്ത് കുരിശുകളോടുള്ള നമ്മുടെ സമീപനത്തെ നേർവഴിക്കു നയിക്കേണ്ടതാണ്.

ഒരു കടങ്കഥയുണ്ട്. ആർക്കും വേണ്ടാത്തതും എന്നാൽ എല്ലാവർക്കും കിട്ടുന്നതുമായ ഒന്ന് ഏത്? കുരിശെന്നാണ് ഉത്തരം കേട്ടത്. ഇതാണോ ഒരു ക്രൈസ്തവനു കുരിശിനോടുണ്ടാകേണ്ട സമീപനം? ഏതു കാഴ്ചപ്പാടിൽ നാം കുരിശിനെ നോക്കും എന്നതനുസരിച്ചാണ് ഇതിനുത്തരം കിട്ടുക. പൗലോസ് ശ്ലീഹാ പറയുന്നു: 'നാശത്തിലൂടെ സഞ്ചരിക്കുന്നവർക്ക് കുരിശ് ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്നവർക്ക് അത് രക്ഷയുടെ അടയാളവും' (1കൊറി.1.18-23).

മാനുഷിക വേദനയുടെ പരമകോടിയാണത്. ജീവിതത്തിലെ സംഘർഷങ്ങളെയും അസൗകര്യങ്ങളെയും നാം കുരിശായി ചിത്രീകരിക്കുന്നു. മദ്യപാനിയായ ഭർത്താവും കുറ്റംപറയുന്ന ഭാര്യയും എല്ലാം കുരിശാണ്. പറുദീസയിൽ അത് ശിക്ഷയുടെ അടയാളമായെങ്കിൽ കാൽവരിയിൽ അതു രക്ഷയുടെ അടയാളമായി. കുരിശു വഹിക്കാതെ ആർക്കും യേശുവിന്റെ ശിഷ്യനായി തീരാനാകില്ല. കാൽവരിയിൽ കുരിശിലൂടെ രക്ഷ നേടിയവരെയും നശിക്കുകയും ചെയ്യുന്നവരെ നാം കാണുന്നു. കാൽവരിയിൽ യേശുവിന് ഒപ്പം മരിച്ച രണ്ടു കള്ളന്മാർ തന്നെ ഉദാഹരണങ്ങൾ.

ജിവതത്തിൽ കുരിശുകൾ വരുമ്പോൾ നല്ല കള്ളനെപ്പോലെ അവയെ രക്ഷയുടെ ഉപാധിയാക്കുന്നവരും മറ്റേക്കള്ളനെപ്പോലെ നിരാശപ്പെട്ടു ദൈവത്തെ ശപിക്കുന്നവരും നമുക്കു ചുറ്റുമുണ്ട്.

മാർട്ടിൻ ലൂഥർ കിംഗ് കുരിശിനെ ദൈവസ്നേഹത്തിന്റെ ഭൂതക്കണ്ണാടി എന്നു വിളിക്കുന്നു. ആകാശത്തിലെ നക്ഷത്രങ്ങളെ തിരിച്ചറിയാൻ ഭൂതക്കണ്ണാടി നമ്മെ സഹായിക്കുന്നു. അതുപോലെ നമ്മുടെ കുരിശുകളെ തിരിച്ചറിയുവാൻ കാൽവരിക്കുരിശ് നമ്മെ സഹായിക്കുന്നു.

യേശുവിന്റെ കുരിശിനും ഭാരമുണ്ട്. എന്നാൽ സന്തോഷത്തോടും സ്നേഹത്തോടും കൂടി കുരിശിനെ സ്വാഗതം ചെയ്യുന്ന യേശുവിന്റെ ശിഷ്യർക്കെല്ലാം ഈ ഭാരം ലഘുവായും നുകം മധുരമായും അനുഭവപ്പെടുന്നു.

## നോമ്പിന്റെ ദർശനം

**സഖറിയാസ് പീലക്സിനോസ് മെത്രാപ്പോലീത്ത** (യാക്കോബായ സുറിയാനി സഭ, മലബാർ ഭദ്രാസനം)

സഭ നോമ്പിന്റെ ദിവസങ്ങളിലൂടെ കടന്നുപോവുകയാണ്. നോമ്പിനെക്കുറിച്ച് വലിയ പ്രതീക്ഷ സഭയ്ക്കുണ്ട്. ഭക്ഷണം പരിത്യജിച്ച് പീഡാസഹനങ്ങളേയും യേശുവിന്റെ സുവിശേഷത്തെയും ധ്യാനിച്ച് പാപങ്ങളെക്കുറിച്ച് പശ്ചാത്തപിച്ച് ഒരു പുതുഅനുഭവം. പാരമ്പര്യ പ്രാർഥനകളിൽ ഇപ്രകാരം കാണുന്നു. 'മോശയും ഏലിയാവും നോമ്പുനോറ്റു. യേശുവും നോമ്പുനോറ്റു. സാത്താനെ ജയിച്ചു. മോശ 40 പകലും 40 രാവും കർത്താവിനോടുകൂടെ മലയിൽ ചെലവഴിച്ചു. അവൻ ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്തില്ല. നോമ്പിന്റെ പൂർത്തീകരണത്തിൽ ദൈവകല്പനകൾ കരങ്ങളിലേന്തി മലയിൽ നിന്നും മനുഷ്യരുടെ ഇടയിലേക്കു ഇറങ്ങിവന്നു. അവന്റെ മുഖപ്രകാശം മൂലം അവനെ ദർശിക്കാൻ ജനത്തിനു കഴിഞ്ഞില്ല.'

ദൈവകല്പനകൾ കരങ്ങളിൽ വഹിച്ചു എന്നാൽ സ്വന്തമാക്കിയെന്ന് അർഥം. മനുഷ്യന്റെ നിത്യമായ നിലനിൽപ്പിന് ആവശ്യമായ നിയമങ്ങളെ സ്വന്തം ജീവിതത്തിന്റെ നിയമമാക്കി മാറ്റിയ മോശ മലയിൽ നിന്ന് മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങിവന്നത് ഒരു പുതിയ വെളിച്ചമായിട്ടാണ്, ഒരു പുതിയ ഉൾക്കാഴ്ചയുമായി.

അത് അവരുടെ ഇരുൾമൂടിയ കാഴ്ചപ്പാടുകൾക്ക് അപ്പുറമായതിനാൽ സ്വീകരിക്കാൻ പറ്റാത്ത അവസ്ഥ.

ഇരുട്ടിൽ കഴിയുന്ന മനുഷ്യന് പെട്ടെന്ന് വെളിച്ചംകണ്ടാൽ കാഴ്ചയില്ലാതായതായി അനുഭവപ്പെടും. മോശ മുഖം മറച്ചു. പടിപടിയായി ചരിത്രത്തിലൂടെ, മരുഭൂമി അനുഭവങ്ങളിലൂടെ, അദ്ഭുതങ്ങളിലൂടെ ശിക്ഷണങ്ങളിലൂടെ ആ പുതിയ വെളിച്ചം അവൻ മനുഷ്യർക്കു പകർന്നു. അനന്തരാവകാശികൾക്കു കൈമാറി, തലമുറകൾക്കും.

ഇന്നും ലോകത്തിൽ മനുഷ്യന്റെ നിലനിൽപ്പിനുവേണ്ടി രൂപംകൊള്ളുന്ന എല്ലാ നിയമങ്ങൾക്കും നിയമസംഹിതകൾക്കും പിന്നിൽ മോശ സ്വന്തമാക്കിയ കല്പനകളുടെ വെളിച്ചം പ്രകാശിക്കുന്നു. നോമ്പുനോറ്റവനിൽ നിന്നും വെളിച്ചംകണ്ട ഇസ്രായേലിനു ലഭിച്ച ദീർഘദർശനത്തിന്റെ പൂർത്തീകരണമാണ് പുതിയനിയമ ഇസ്രയേലായ സഭ.

യേശു പറഞ്ഞു 'ഞാൻ ലോകത്തിന്റെ പ്രകാശമാണ്'. നാം നോമ്പെടുക്കുമ്പോൾ കേവലം ഭക്ഷണത്തിന്റെ പരിത്യാഗത്തിനും ആചാരാനുഷ്ഠാനങ്ങളുടെ ആവർത്തനങ്ങൾക്കുമപ്പുറം ജീവന്റെയും ജീവിതത്തിന്റെയും നിലനിൽപ്പിനാവശ്യമായ വെളിച്ചത്തെ, കാഴ്ചപ്പാടുകളെ സ്വന്തമാക്കാനും നോമ്പിന്റെ പൂർത്തീകരണത്തിൽ സമൂഹത്തിൽ പുതിയ വെളിച്ചം പകരാനും കഴിയണം.

മോശ തനിക്കു ലഭിച്ച വെളിച്ചത്തെ 400 വർഷം അടിമത്തത്തിൽ കഴിഞ്ഞ ജനത്തിനു പകർന്നപ്പോൾ വിമോചനം സാധ്യമായി എന്നുമാത്രമല്ല, തേനും പാലുമൊഴുകുന്ന കാനാൻദേശത്തേക്കുള്ള പുറപ്പാടുമായി. അധാർമികതയും അഴിമതിയും നിലനിൽപ്പിനുള്ള കല്പനകളാക്കി മാറ്റിയ സമൂഹത്തിൽ ദുർബലർ പീഡിപ്പിക്കപ്പെടുകയും നീതി നിഷേധിക്കപ്പെടുകയും ചെയ്യുന്നു. നോമ്പെടുക്കുന്ന നാം നീതിക്കുവേണ്ടി നിലനില്ക്കുകയും സമൂഹത്തിൽ ക്രിസ്തുവിന്റെ വെളിച്ചം പകരുകയും പുതിയ ദർശനത്തിലേക്കു സമൂഹത്തെ നയിക്കാൻ പര്യാപ്തനാകുകയും ചെയ്യേണ്ടതുണ്ട്. നോമ്പു ദിവസങ്ങളിൽ പരിത്യജിക്കുന്ന ഭക്ഷണം മറ്റുള്ളവർക്കു പങ്കുവച്ചും സദ്പ്രവൃത്തികൾ ചെയ്തും അനുരഞ്ജനം സാധ്യമാക്കിക്കൊണ്ടും ക്രിസ്തുവിനെ പ്രകാശിപ്പിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

# നോമ്പുകാലം ജീവിത നവീകരണത്തിനുള്ള അവസരം

**മാർ പോൾ ചിറ്റിലപ്പിള്ളി** (താമരശേരി രൂപത മെത്രാൻ)

ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം നോമ്പുകാലം ജീവിത നവീകരണത്തിന്റെ വലിയൊരവസരമാണ്. മനുഷ്യന്റെ ബലഹീനതകളിൽ നിന്ന് ശക്തിപ്രാപിക്കുന്നതിനും സമ്മർദങ്ങളെ നേരിടുന്നതിന് കരുത്താർജിക്കുന്നതിനും ശരീരത്തിന്റെ ഇച്ഛകളെ നിയന്ത്രിക്കുന്നതിനും ഈ നോമ്പു ദിനങ്ങൾ സഹായിക്കുന്നു. വ്യക്തിപരമായി മാത്രമല്ല കുടുംബജീവിതത്തിന്റെയും സമൂഹ ജീവിതത്തിന്റെയും വെല്ലുവിളികളെ ഫലപ്രദമായി നേരിടുന്നതിനും നോമ്പുകാലം സഹായകരമാണ്. പ്രലോഭനങ്ങളിൽപ്പെടാതിരിക്കാൻ ഉണർന്നിരിക്കുകയും മുൻകരുതലുകൾ കൈക്കൊള്ളുകയും ആവശ്യമാണ്. സത്യത്തിൽ ആഴപ്പെടുന്നതിനും പ്രവർത്തനശൈലികൾ ക്രമീകരിക്കുന്നതിനും ഈ നോമ്പുകാലം നമ്മെ സഹായിക്കും.

വചനാധിഷ്ഠിതമായ ജീവിതത്തിലൂടെ സ്വന്തം ജീവിതത്തെയും സാഹചര്യങ്ങളെയും വിലയിരുത്താൻ ഈ നോമ്പുകാലത്ത് ഏവർക്കും കഴിയണം. ഈ വർഷം ബനഡിക്ട് പതിനാറാമൻ മാർപാപ്പ വിശ്വാസികൾക്ക് നൽകിയ സന്ദേശം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്. നീതിനിഷ്ഠമായ ജീവിതത്തിലൂടെയാണ് ജീവിത നവീകരണം സാധിക്കേണ്ടതെന്ന് പരിശുദ്ധ പിതാവ് പ്രത്യേകം ഓർമിപ്പിക്കുകയുണ്ടായി. ദൈവത്തെ നമ്മുടെ ഹൃദയത്തിൽ പൂർണമായി പ്രതിഷ്ഠിക്കുമ്പോൾ പൂർണ സന്തോഷം നമുക്ക് കൈവരും. എന്നാൽ, ദൈവത്തെ അത്തരത്തിൽ സ്വീകരിക്കാൻ സാധിക്കണമെങ്കിൽ നമ്മുടെ ഹൃദയം ശുദ്ധീകരിക്കപ്പെടേണ്ടതുണ്ട്. അതിന് സഹായകമായിട്ടുള്ള ഉപാധികളാണ് വലിയ നോമ്പിലെ നമ്മുടെ പ്രവൃത്തികൾ.

മൂന്നു കാര്യങ്ങൾ നോമ്പുകാലത്ത് വിലപ്പെട്ട ഉപാധികളായി നമ്മൾ സ്വീകരിക്കുന്നുണ്ട്. പ്രാർഥന: പ്രാർഥനയെ

ഒരു ഭക്ത്യാഭ്യാസമായി കണക്കാക്കുകയും വളരെ നേരം പ്രാർഥിക്കുകയും ചെയ്യുന്നതിലല്ല സാക്ഷാൽ പ്രാർഥനയുടെ അരൂപി കുടികൊള്ളുന്നത്. ദൈവവുമായിട്ടുള്ള സംഭാഷണമാണ് അത് എന്നു പറയുന്നതാണ് കൂടുതൽ ശരി. നമ്മൾ ദൈവത്തോടു പറയുന്നതും ദൈവം നമ്മോടു പറയുന്നതും അനുഭവിക്കുന്നതാണ് പ്രാർഥനയുടെ ശരിയായ ചൈതന്യം.

സത്പ്രവൃത്തികൾ: കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുകയും കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതിരിക്കുകയും ചെയ്താൽ അത് സത്യത്തിന് വിരുദ്ധമാണെന്ന് ദൈവവചനം നമ്മെ പഠിപ്പിക്കുന്നുണ്ട്. സഹോദരനെ സ്നേഹിക്കുന്നത് സത്പ്രവൃത്തികളിലൂടെ പ്രകടമാക്കിക്കൊണ്ടാണ്. ശാരീരികവും ആത്മീകവും മാനസികവുമായ അവശതയിൽ കിടക്കുന്നവർക്ക് ആശ്വാസം നൽകുന്ന പരോപകാര പ്രവൃത്തികൾ നോമ്പുകാലത്തിന്റെ പ്രത്യേക കടമയായിത്തീരുന്നു.

തപശ്ചര്യകൾ: നോമ്പ്, ഉപവാസം എന്നീ തപശ്ചര്യകൾക്ക് നോമ്പുകാലം വളരെ പ്രാധാന്യം നൽകുന്നുണ്ട്. ശരീരത്തിന്റെ ഇച്ഛകളെ നിയന്ത്രിക്കാനും പ്രാർഥനയിൽ ഏകാഗ്രത ലഭിക്കാനും ഇത് സഹായകമാണെന്ന് അനുഭവസ്ഥർക്ക് അറിയാം. എന്നാൽ, തപശ്ചര്യകളുടെ ഇനങ്ങളിൽപെടുത്താവുന്ന ഒരുപാട് കൊച്ചുകാര്യങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്.

നോമ്പു ഉപവാസങ്ങളിലൂടെ സ്വരൂപിക്കുന്നവ ദാനധർമങ്ങളിലൂടെ അവശതയനുഭവിക്കുന്നവരുടെ ആശ്വാസത്തിന് നൽകുന്നതുവഴിയും ഈ തപശ്ചര്യകൾക്ക് പുതിയ മാനം നൽകാൻ കഴിയും. നോമ്പുകാലത്തിലൂടെ കടന്നുപോകുന്ന നമുക്ക് മേൽപ്പറഞ്ഞ ചിന്തകൾ കർത്താവിന്റെ ഉയിർപ്പുതിരുനാളിന് നല്ലൊരു ഒരുക്കമായി തീരട്ടെ എന്ന് ആശംസിക്കുന്നു.

# മുദ്രകുത്താത്ത യേശുവിന്റെ മനോഭാവം ഉണ്ടാകട്ടെ

**ആർച്ച്ബിഷപ് മാർ ജേക്കബ് തൂങ്കുഴി**



പ്രാചീന കാലങ്ങളിൽ യൂറോപ്പിൽ കന്നുകാലികളുടെ ഉടമസ്ഥർ തങ്ങളുടെ കാലികൾക്ക് മുദ്രകുത്തുമായിരുന്നു. ഇരുമ്പുകൊണ്ടു നിർമിച്ച മുദ്ര ചുട്ടുപഴുപ്പിച്ച് കാലിയുടെ മേൽ അമർത്തുമ്പോൾ രോമവും തൊലിയും കരിഞ്ഞ് മായാത്തൊരു മുദ്ര അവിടെ സംജാതമാകുന്നു. ഉടമസ്ഥതയുടെ തെളിവായിരുന്നു ഈ മുദ്ര.

നമ്മുടെ സമൂഹത്തിൽ മുദ്ര കുത്തപ്പെടാറുണ്ട്. എന്നോ ഒരിക്കൽ സംഭവിച്ചുപോയ അനർഥത്തിന്റെ അടിസ്ഥാനത്തിലായിരിക്കാം മുദ്ര ലഭിക്കുക. മുദ്രയായതുകൊണ്ട് അത് മായാതിരിക്കും. ചിലപ്പോൾ മരണം വരെ. അങ്ങനെ ഒരാൾ വാക്കുവ്യത്യാസക്കാരൻ, വേറൊരാൾ അവിഹിത ബന്ധക്കാരൻ, മറ്റൊരാൾ വിവേകശൂന്യൻ, ഇനിയുമൊരാൾ സാമ്പത്തിക കുറ്റക്കാരൻ, ഗുണ്ട ഒക്കെയായി മുദ്രിതരായിത്തീരുന്നു. സാധാരണ ഗതിയിൽ ഒരാളുടെ പേര്, വീട്ടുപേര്, ഇടവക തുടങ്ങിയവ അയാളുടെ ഐഡന്റിറ്റി കാണിക്കുന്നു. പേരും വീട്ടുപേരും മാഞ്ഞുപോയാലും മുദ്ര മായില്ല.

മുദ്ര മാഞ്ഞുപോയ ഒരു കഥയുണ്ട്. കള്ളന്റെ കൈ വെട്ടുന്ന ശിക്ഷാനടപടികൾ നിലവിലിരുന്ന കാലത്ത് ഇംഗ്ലണ്ടിൽ നിയമപാലകർ ഒരു ആടുകള്ളനെ പിടികൂടി. ശിക്ഷയായി അവന്റെ നെറ്റിയിൽ കന്നുകാലികൾക്ക് കൊടുക്കുന്ന രീതിയിലുള്ള ചുട്ടുപഴുത്ത മുദ്ര ചാർത്തി. എസ്ടി(ഷീപ്പ് തീഫ്) എന്ന രണ്ടക്ഷരങ്ങളാണ് രേഖപ്പെടുത്തിയത്. പിന്നീട് ഇയാൾ മാനസാന്തരപ്പെട്ട് നല്ല മനുഷ്യനായി. ശിക്ഷാക്രമങ്ങൾക്ക്

കാലാനുസൃതമായ മാറ്റം വന്നതോടെ എസ്ടിയുടെ അർഥവും പുതുതലമുറകൾക്ക് അജ്ഞാതമായി. എസ്ടി എന്നത് സെയിന്റിന്റെ ചുരുക്കെഴുത്തായി.

മറ്റുള്ളവർക്ക് മുദ്രകുത്തുന്നവർ യേശുവിന്റെ ഹൃദയം കാണാത്തവരാണ്. അനീതി പ്രവർത്തിച്ചിരുന്ന സക്കൈയെ മനുഷ്യർ പാപിയായി മുദ്രകുത്തിയപ്പോൾ യേശു അയാളെ ശരിക്കും സക്കൈ-നീതിമാനാക്കി. വ്യഭിചാരത്തിൽ പിടിക്കപ്പെട്ട സ്ത്രീ ഇനിമേൽ പാപം ചെയ്യാത്ത വിശുദ്ധയായി അവിടുത്തെ സന്നിധിയിൽ. തന്റെ പാദങ്ങൾ സുഗന്ധദ്രവ്യം കൊണ്ടു പൂശിയ പാപിനി നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ട് നിർമലകന്യകയായി. അറിയുക പോലുമില്ലെന്ന് ആണയിട്ടവനെ ഇവരേക്കാൾ അധികമായി തന്നെ സ്നേഹിക്കുന്ന ശിഷ്യനാക്കി.

ആരെയും മുദ്രകുത്താത്ത യേശുവിനെയാണ്, നവീകരണത്തിന്റെ സാധ്യതകൾ കാണുന്ന യേശുവിനെയാണ് നമ്മൾ സുവിശേഷത്തിൽ ദർശിക്കുക. യേശുവിനുണ്ടായിരുന്ന അതേ മനോഭാവം നിങ്ങളിലുമുണ്ടാകട്ടെ എന്ന പൗളിൻ പ്രബോധനം ഉൾക്കൊള്ളേണ്ട നമ്മൾ മറ്റുള്ളവർക്ക് മുദ്രയും കുത്തി അതിൽ നിലനിൽക്കുന്നെങ്കിൽ യേശുവിന്റെ മനോഭാവത്തിൽ നിന്നും നമ്മൾ എത്രയകലെയാണ്.

യേശു എല്ലാം പൊറുക്കുന്നു, മറക്കുന്നു. ഞാനോ മറ്റുള്ളവർക്ക് ലേബലൊട്ടിച്ചും മുദ്രകുത്തിയും ഫരിസേയരുടെയും സദൂക്കായരുടെയും പ്രധാന പുരോഹിതരുടെയും അവിശുദ്ധ കമ്പനിയിൽ സ്ഥാനം പിടിക്കുന്നു. മുദ്രകുത്തിയ പാപികൾക്ക് യേശുവിന്റെ രക്ഷ സംലബ്ധമായി. ഫരിസേയർക്കും കൂട്ടർക്കും അതു സ്വീകരിക്കാനായില്ല. മുദ്ര കുത്തപ്പെട്ടവരേക്കാൾ, കുത്തിയവരാണ് ദുർഭഗർ.

# ഹൃദയത്തിന്റെ ശുദ്ധീകരണം പ്രധാനം

**ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ** (മലങ്കര ഓർത്തഡോക്സ് സഭാധ്യക്ഷൻ)

ആത്മ-ശരീര-മനസുകളുടെ ശുദ്ധീകരണമാണ് നോമ്പും പ്രാർഥനയും ഉപവാസ വും ലക്ഷ്യമാക്കുന്നത്. ആഹാര പാനീയങ്ങളിൽ നിയന്ത്രണം പാലിക്കുകയും ശാരീരികമായ സുഖാനുഭവങ്ങളിൽനിന്ന് വിട്ടുനില്ക്കുകയും ചെയ്യുന്നത് ഈ ലക്ഷ്യം നേടുന്നതിന് സഹായിക്കുന്ന ഘടകങ്ങളാണ്.

യേശുക്രിസ്തുവും നാല്പതുനാൾ ഉപവസിച്ച് തിന്മയുടെ ശക്തിയെയും പ്രലോഭനങ്ങളെയും അഭിമുഖീകരിച്ച് അതിജീവിച്ചതിനുശേഷമാണ് തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചത്.

ഏറ്റവും പ്രധാനപ്പെട്ടത് ഹൃദയത്തിന്റെ ശുദ്ധീകരണമാണ്. ജഡത്തിന്റെ പ്രവൃത്തികളായ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, ഭിന്നത, അസൂയ, വെറിക്കൂത്ത്, മദ്യാസക്തി എന്നിവയെ ഒഴിവാക്കാനുള്ള ശ്രമമാണ് അത്യാവശ്യം. അതിനുപകരം സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയ ജയം എന്നീ ആത്മാവിന്റെ ഫലങ്ങൾ വർധിക്കണം.

ഈ നോമ്പുകാലം മനുഷ്യമനസിന്റെ ശുദ്ധീകരണത്തിനും, ദൈവേഷ്ടപ്രകാരം സഹോദരനെ മാത്രമല്ല ശത്രുവിനെയും സ്നേഹിച്ചു കൊണ്ട് ജീവിക്കാനും ഉപകരിക്കട്ടെ എന്ന് ആശംസിക്കുന്നു.

# അനുരഞ്ജനത്തിലൂടെ ആന്തരിക നവീകരണം

**ആർച്ച്ബിഷപ് തോമസ് മാർ കൂറിലോസ്** (തിരുവല്ല അതിരൂപത മെത്രാപ്പോലീത്ത)

നോമ്പു നോൽക്കുകയെന്നാൽ വ്രതശുദ്ധിയോടെ കാത്തിരിക്കുകയെന്നാണ്. മണവാട്ടി തന്റെ മണവാളനെയോ, മണവാളൻ തന്റെ മണവാട്ടിയെയോ കാത്തിരിക്കുന്നതുപോലെയുള്ള തീവ്രവും സ്നേഹപങ്കിലവുമായ കാത്തിരിപ്പാണിത്.

ഏറെ അധ്വാനം ആവശ്യമുള്ള മേഖലയാണ് ആത്മീയതയും ജാഗരണവും. തുടക്കം മുതൽ ഒടുക്കംവരെ അതിനു ജാഗ്രതയും ശ്രദ്ധയും ആവശ്യമുണ്ട്. കണ്ണുനീരിന്റെ നനവും നമസ്കാരത്തിന്റെ തഴമ്പും പണത്തിനുമപ്പുറം മറ്റെന്തൊക്കെയോ ഹൃദയത്തിനുണ്ട് എന്ന തിരിച്ചറിവും ഇതിനാവശ്യമാണ്. ഈ ബോധ്യം ഇല്ലാതെ വരുമ്പോഴാണ് നമ്മുടെ പ്രാർഥനകളും നോമ്പുകളുമൊക്കെ നമ്മെ തൃപ്തിപ്പെടുത്താതെ, കാത്തിരിപ്പിനു ഫലമില്ലാതെ കടന്നുപോകുന്നത്.

ഭക്ഷണപാനീയങ്ങൾ വർജിക്കുന്നതിലല്ല, നോമ്പിന്റെ യാഥാർഥമൂല്യം കുടികൊള്ളുന്നത്. ശരീരത്തിന്റെയും മനസിന്റെയും വീണ്ടെടുപ്പാണത്. നഷ്ടപ്പെടുത്തലിലൂടെയും സ്വയം ശൂന്യമാക്കപ്പെടുത്തുന്നതിലൂടെയുമാണ് വീണ്ടെടുപ്പു നടക്കുന്നത്. നഷ്ടപ്പെടുത്താൻ നിനക്കു മനസുണ്ടോ എന്നു ചോദിച്ചുകൊണ്ടാണ് യേശുനാഥൻ നമ്മെ സമീപിക്കുന്നത്. എല്ലാവരെയും സ്നേഹിക്കണം, സ്വന്തം ജീവിതത്തോടു ചേർത്തു നിർത്തണം ആശ്വസിക്കപ്പെടുന്നതിനേക്കാൾ ആശ്വസിപ്പിക്കുന്നതിനും സ്നേഹിക്കപ്പെടുന്നതിനേക്കാൾ സ്നേഹിക്കുന്നതിനും മനസിലാക്കപ്പെടുന്നതിനേക്കാൾ മനസിലാക്കുന്നതിനും നമുക്കു ഹൃദയങ്ങൾ ഉണ്ടാകണം.

ആത്മീയതയുടെ കൂടാരത്തിലേക്കു രണ്ടു വഴികളുണ്ട്. ഒന്ന് യോഹന്നാൻ സ്നാപകൻ നൽകിയ വഴിയാണ്. ഭക്ഷിക്കാതെയും പാനം ചെയ്യാതെയും വന്നവന്റെ ആത്മീയത. ജീവിതത്തിന്റെ ഇഷ്ടാനിഷ്ടങ്ങളോട് മുഖം തിരിക്കുന്നതാണിത്. എന്നാൽ യേശുക്രിസ്തുവാകട്ടെ ഭക്ഷിക്കുന്നവനായും പാനം ചെയ്യുന്നവനായും വന്നു. ലോകത്തിനെതിരെ മുഖം തിരിക്കാനല്ല, സ്നേഹപൂർവം അതിനെ അഭിമുഖീകരിക്കാനും ധ്യാനപൂർവം അതിനെ അതിജീവിക്കാനുമാണ് അവിടുന്നു നമ്മെ പഠിപ്പിച്ചത്.

നോമ്പിൽ നാം നമ്മിലേക്കു മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാതെ നമുക്കു ചുറ്റുമുള്ള സ്വന്തം സഹോദരവൃന്ദത്തിലേക്കും പ്രകൃതിയിലേക്കും ശ്രദ്ധ കേന്ദ്രീകരിക്കാം. നമ്മുടെ ജീവിതത്തിലെ താളപ്പിഴകൾ നമ്മുടെ സഹോദരങ്ങളിലും പ്രകൃതിയിലും വ്യതിയാനങ്ങൾ സൃഷ്ടിക്കും എന്നു നാം മനസിലാക്കേണ്ടതുണ്ട്. അനുരഞ്ജനം എന്നത്തേക്കാളും ഇന്ന് ആവശ്യമായിരിക്കുന്നു. തന്നോടു തന്നെയുള്ള, സഹോദരങ്ങളോടുള്ള, പ്രകൃതിയോടുള്ള അനുരഞ്ജനം ആവശ്യമായിരിക്കുന്നു. ആന്തരിക ജീർണതയിൽ നിന്നാണ് എല്ലാ തകർച്ചകളും ആരംഭിക്കുന്നത്. ആന്തരിക നവീകരണത്തിനായി നോമ്പിന്റെ കാലഘട്ടം പ്രയോജനപ്പെടുത്താം.

# പ്രാർഥനയുടെയും ഉപവാസത്തിന്റെയും ചൈതന്യത്തിൽ വളരാം

**ബിഷപ് മാർ ബോസ്കോ പുത്തൂർ**

സൗദി അറേബ്യയിൽ ഭർത്താവിനോടൊപ്പം താമസമാക്കിയ മലയാളിയായ ഒരു മുസ്‌ലിം യുവതി കോളജിൽ തന്റെ സഹപാഠിയായിരുന്ന കന്യാസ്ത്രീക്കയച്ച കത്ത് നോമ്പുകാല ചിന്തയ്ക്ക് പ്രസക്തമാണെന്ന് കരുതുന്നു.

‘‘സിസ്റ്ററിന്റെ കത്തു വായിച്ചപ്പോൾ വളരെ സന്തോഷം തോന്നി. സ്നേഹത്തിന്റെ ഊഷ്മളത എനിക്കനുഭവപ്പെട്ടു. ഉടനേ മറുപടി അയയ്ക്കാൻ പറ്റിയില്ല. ആ സമയത്ത് ഒരുപാട് പ്രശ്നങ്ങളിലൂടെ ഞാൻ കടന്നുപോകുകയായിരുന്നു. സർവശക്തനായ അള്ളാഹു എനിക്കതെല്ലാം പരിഹരിച്ചുതന്നു. ഞാൻ ഇപ്പോൾ ഇവിടെ ഇങ്ങനെ ആയിരിക്കുന്നത് അള്ളാഹുവിന്റെ കരുണകൊണ്ടുമാത്രമാണ്. ഞാൻ എന്നെത്തന്നെ പരിപൂർണമായി അള്ളാഹുവിന് സമർപ്പിച്ചിരിക്കുന്നു. അനുദിനമുള്ള അഞ്ചുനേരത്തെ നിസ്കാരം കൃത്യമായി ഞാൻ നടത്തുന്നുണ്ട്. സിനിമ മുതലായ വിനോദങ്ങളിൽ ഞാനിപ്പോൾ ഏർപ്പെടാറില്ല. ഇത്തരം ലൗകിക കാര്യങ്ങളോട് ഞാനിപ്പോൾ വിടചൊല്ലി ദൈവാരാധനയിൽ മാത്രം മുഴുകിയിരിക്കുകയാണ്. അള്ളാഹുവിന്റെ കൃപയാൽ ലോകത്തിൽ ഏറ്റവും സന്തോഷവതിയായ വ്യക്തി ഇപ്പോൾ ഞാൻ തന്നെയാണ്.

എന്റെ ജീവിതം മുമ്പ് തെറ്റായ പാതയിലൂടെയാണ് നീങ്ങിയിരുന്നത്. ഇപ്പോൾ അത് നേരായ വഴിയിലൂടെയാണ്. എന്റെ വിശ്വാസം ശക്തിപ്പെട്ടു. ഉയിർപ്പിന്റെ ദിവസം നന്മതിന്മകൾ വെളിപ്പെടുന്ന മരണാനന്തര ജീവിതത്തെ എനിക്ക് പേടിയാണ്. ഓ! അള്ളാഹു നമ്മെയെല്ലാം രക്ഷിക്കും.

സിസ്റ്ററിന്റെ കത്തിന് ഉടനേ മറുപടി എഴുതാതിരിക്കാൻ മറ്റൊരു കാരണം കൂടിയുണ്ട്. റംസാൻ ആരംഭിക്കുന്ന സമയത്താണ് കത്തു കിട്ടിയത്. ഞങ്ങൾക്കതു നോമ്പുദിനങ്ങളാണല്ലോ. ഉപവസിക്കാനും പ്രാർഥിക്കാനും ഖുറാൻ വായിക്കാനുമുള്ള ദൈവത്തിന്റെ മാസമാണത്. ഞാനൊരു തീരുമാനമെടുത്തു റംസാൻ കാലത്ത് ഖുറാൻ മുഴുവൻ വായിച്ചുതീർക്കുമെന്ന്. അങ്ങനെ ചെയ്താൽ പ്രത്യേക ദൈവാനുഗ്രഹമുണ്ട്. ഞാനതു മുഴുവൻ വായിച്ചു. ഖുറാൻ വായനയിലും നോമ്പിലും പ്രാർഥനയിലും ഞാൻ വിജയിച്ചു. ഞാനും രണ്ടുമക്കളും ഭർത്താവും ഇവിടെ വളരെ സന്തോഷമായി കഴിയുന്നു. പിശാചിന്റെ തട്ടിപ്പുകളിൽ വീഴാതിരിക്കാൻ ഞാൻ ആഗ്രഹിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. ’’എന്ന് സ്വന്തം സഹോദരി.

അമ്പതുനോമ്പിന്റെമധ്യഘട്ടത്തിലെത്തി നിൽക്കുന്ന അവസരത്തി ൽ ഈ മുസ്ലിം സഹോദരിയുടെ മനോഭാവം സ്വന്തമാക്കി പ്രാർഥനയുടെയും ഉപവാസത്തിന്റെയും ദൈവവചനപാരായണത്തിന്റെയും ചൈതന്യത്തിൽ നമുക്ക് വളരാം.

‘‘പിതാവ് എന്നെ സ്നേഹിച്ചതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു. നിങ്ങൾ എന്റെ സ്നേഹത്തിൽ നിലനിൽക്കുവിൻ’’ എന്ന് ആഹ്വാനം ചെയ്ത ഈശോയുടെ മനോഭാവമാണ് നാം ഉൾക്കൊള്ളേണ്ടത്. ഭയത്തേക്കാൾ സ്നേഹത്തിന്റെ അനുഭവമാണ് ദൈവത്തോട് നമുക്കുണ്ടാകേണ്ടതെന്ന് തിരിച്ചറിയാം. ആസക്തികളാൽ കലുഷിതമായ പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് ദൈവിക ചൈതന്യത്താൽ ക്രിസ്തുവിൽ നവീകൃതനായ പുതിയ മനുഷ്യനെ നമുക്ക് ധരിക്കാം. അങ്ങനെ കർത്താവിന്റെ പീഡാനുഭവത്തിന്റെയും കുരിശുമരണത്തിന്റെയും ഉത്ഥാനത്തിന്റെയും അനുസ്മരണവും ആഘോഷവുമായ ഉയിർപ്പുതിരുനാളിന് നമ്മെത്തന്നെ സജ്ജമാക്കാം.

വ്യക്തിഗത വിശുദ്ധിയോടൊപ്പം സാമൂഹിക പ്രതിബദ്ധതയിൽ മുന്നേറാനും ഈ കാലഘട്ടത്തിൽ നമുക്ക് സാധിക്കണം. ഉപവസിച്ചതുകൊണ്ടുമാത്രം പോര. ഉപവാസത്തിലൂടെ നമ്മിലെ അഹത്തെ വെടിഞ്ഞ് അപരനിലേക്ക് തിരിയാനും അവനെ സ്നേഹിക്കാനും സഹായിക്കാനും നമുക്ക് സാധിക്കണം. നമ്മളെക്കാൾ നിർഭാഗ്യരായ അനേകം പേർ നമുക്ക് ചുറ്റുമുണ്ട്. അവരെ തിരിച്ചറിയാനുള്ള ആർദ്രത നമ്മുടെ ഹൃദയത്തിനുണ്ടാകണം. ദൈവസ്നേഹത്തെ ആചാരാനുഷ്ഠാനങ്ങളിൽ മാത്രം ഒതുക്കാതെ സ്നേഹത്തിനായി ദാഹിക്കുന്ന ഹതഭാഗ്യരുടെ ലോകത്തിലേക്ക് ശുശ്രൂഷയായി ഒഴുകാനുള്ള ധീരതയും തീക്ഷ്ണതയും നമുക്കുണ്ടാകാൻ പ്രാർഥിക്കാം. പാവങ്ങളുടെ പക്ഷംചേരുന്ന ഈശോയുടെ മനോഭാവം നമുക്കു സ്വന്തമാക്കാം.

# ബന്ധങ്ങൾ വളർത്താനുള്ള കാലം



**മോൺ. മാത്യു വെള്ളാനിക്കൽ** (വികാരി ജനറാൾ, ചങ്ങനാശേരി അതിരൂപത)

മനുഷ്യനെ മനുഷ്യനാക്കുന്നത് അവന്റെ ബന്ധങ്ങളാണ്. ത്രിവിധ ബന്ധങ്ങളാണ് മനുഷ്യനുള്ളത്-ദൈവത്തോടുള്ള ബന്ധം, മനുഷ്യരോടുള്ള ബന്ധം, സൃഷ്ടവസ്തുക്കളോടുള്ള ബന്ധം. ഈ മൂന്നു ബന്ധങ്ങളേയും ക്രമീകരിക്കാൻ എല്ലാ മതങ്ങളും നിർദേശിക്കുന്ന മൂന്നു സൽപ്രവൃത്തികളുണ്ട്- പ്രാർഥന, ദാനധർമം, ഉപവാസം. പ്രാർഥന ദൈവവുമായുള്ള ബന്ധത്തെ ക്രമീകരിക്കുന്നുവെങ്കിൽ, ദാനധർമം മനുഷ്യരുമായുള്ള ബന്ധത്തെ ക്രമീകരിക്കുന്നു. ഉപവാസം, ലോകവസ്തുക്കളുമായുള്ള ബന്ധത്തെ ക്രമീകരിക്കാൻ സഹായിക്കുന്നു.

ഈ മൂന്നു സൽകൃത്യങ്ങളും ഗിരിപ്രഭാഷണത്തിൽ ഈശോ പരാമർശിക്കുന്നുണ്ട് (മത്താ. 6:1-18). ഈ സൽകൃത്യങ്ങൾ വെറും മതാചരണങ്ങളായി മാറുമ്പോൾ ഉണ്ടാകാവുന്ന വികലതകൾ ഒഴിവാക്കാനും ശരിയായ ബന്ധങ്ങൾ കെട്ടിപ്പെടുക്കാനും സഹായകരമായ പ്രബോധനങ്ങളാണ് ഇവിടെ ഈശോ നൽകുന്നത്.

പ്രാർഥന ദൈവവുമായുള്ള നല്ല ബന്ധത്തിൽ മനുഷ്യനെ വളർത്തണമെങ്കിൽ അത് പ്രകടനപരമോ വെറും അനുഭൂതിപരമോ ആകരുത്. ദൈവവുമായുള്ള പിതൃപുത്രബന്ധത്തിൽ അധിഷ്ഠിതവും ആത്മാർഥവും ആയിരിക്കണം (മത്താ. 6:5-15). ഈശോ ശിഷ്യരെ പഠിപ്പിച്ച കർതൃപ്രാർഥന പിതൃപുത്രബന്ധത്തിൽ അധിഷ്ഠിതമായ പ്രാർഥനയുടെ യഥാർഥ ചിത്രമാണ് അവതരിപ്പിക്കുന്നത്. കർതൃപ്രാർഥനയുടെ ചൈതന്യത്തിൽ പ്രാർഥിക്കുന്ന വ്യക്തി ദൈവവുമായുള്ള നല്ല ബന്ധത്തിൽ വളരും.

ദാനധർമ്മം, മനുഷ്യരുമായി നല്ല ബന്ധം കെട്ടിപ്പെടുക്കാൻ സഹായകമായ ഒരു സൽകൃത്യമാണ്. മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ്, ആവശ്യമനുസരിച്ച് അവരെ സഹായിക്കാൻ തയാറാകുന്ന ആത്മാർഥമായ സ്നേഹത്തിന്റെ പ്രവൃത്തിയാണ് ദാനധർമം. പ്രാർഥനയിലൂടെ ദൈവവുമായി പിതൃപുത്രബന്ധത്തിൽ വളരുന്ന വ്യക്തിയിൽ സാഹോദര്യത്തിലധിഷ്ഠിതമായ ഒരു പരോന്മുഖത ഉണ്ടാവുക സ്വാഭാവികമാണ്. ഈ പരോന്മുഖതയാണ് ദാനധർമത്തിനു നമ്മെ പ്രേരിപ്പിക്കുന്നതും അതുവഴി നല്ല മനുഷ്യബന്ധങ്ങളിലേക്ക് നമ്മെ വളർത്തുന്നതും.

ഉപവാസം സൃഷ്ടവസ്തുക്കളോട് ആരോഗ്യപരമായ ഒരു സമീപനം സ്വീകരിക്കാൻ നമ്മെ സഹായിക്കും. ഭക്ഷണമാണല്ലോ ഒരു മനുഷ്യന്റെ അടിസ്ഥാനപരമായ ആവശ്യം. അതിൽ മിതത്വം പാലിക്കാൻ സാധിച്ചാൽ സൃഷ്ടവസ്തുക്കളെ സംബന്ധിച്ച് നമുക്കുണ്ടാകാവുന്ന എല്ലാ ആവശ്യങ്ങളിലും നിയന്ത്രണം പാലിച്ചുകൊണ്ട് ജീവിക്കാൻ നമുക്ക് സാധിക്കും. അതിന്റെ ഫലമായി ദൈവത്തോടും മനുഷ്യരോടും നല്ലബന്ധം സ്ഥാപിക്കാനുള്ള സ്വാതന്ത്ര്യവും നമുക്ക് കരഗതമാകും.

നോമ്പുകാലം ഈ മൂന്നു സൽപ്രവൃത്തികളും കൂടുതലായി ചെയ്യാനുള്ള ഒരു കാലഘട്ടമാണ്. അതുകൊണ്ട്, പ്രാർഥനയും ദാനധർമവും ഉപവാസവും ശരിയായ ചൈതന്യത്തിൽ അനുഷ്ഠിച്ചുകൊണ്ട് ഈ നോമ്പുകാലം നന്നായി ചെലവഴിക്കാം. അതിലൂടെ ദൈവത്തോടും മനുഷ്യരോടും സൃഷ്ടവസ്തുക്കളോടുമുള്ള നമ്മുടെ ബന്ധങ്ങൾ മെച്ചപ്പെടുത്തി ഒരു നല്ല മനുഷ്യജീവിതവും സമൂഹജീവിതവും ഉറപ്പുവരുത്താം.

# ഹൃദയ പരിവർത്തനത്തിന് വീണ്ടും ഒരവസരം

**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്** (പാലക്കാട് രൂപത മെത്രാൻ)

സഭാപിതാക്കന്മാർ നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാധാന്യത്തെപ്പറ്റി നമ്മെ പഠിപ്പിക്കുകയും അവ അനുഷ്ഠിക്കാൻ ആഹ്വാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ശരിയായ ആന്തരിക ചൈതന്യത്തോടുകൂടെ വേണം നോമ്പും ഉപവാസവും അനുഷ്ഠിക്കാൻ. ഉപവസിക്കുന്നവൻ തിന്മ പറയുകയും പ്രവർത്തിക്കുകയും ചെയ്താൽ ഉപവാസംകൊണ്ട് ഫലമില്ല. അതിനാൽ നാം ഹൃദയശുദ്ധി പാലിച്ചുകൊണ്ടുവേണം ഉപവസിക്കാൻ. ആത്മീയ ഉണർവിനും ജീവിത വിശുദ്ധീകരണത്തിനുമുള്ള ഉപാധിയാണ് നോമ്പും ഉപവാസവും. പാപത്തിനു പരിഹാരം ചെയ്യാനുള്ള ഒരു മാർഗമാണത്. ആത്മസംയമനം പാലിക്കാനും ദൈവഹിതം നിറവേറ്റി ജീവിക്കാനും നോമ്പും ഉപവാസവും നമ്മെ സഹായിക്കുന്നു. ഉപവാസം പ്രാർഥനയെ ശക്തിപ്പെടുത്തുമെന്ന് നടപടിപുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട് (13:3, 14:23).

യഥാർഥമായ പ്രാർഥനാചൈതന്യവും സഹോദരസ്നേഹവും ആത്മപരിത്യാഗവും പുലർത്തിക്കൊണ്ടുവേണം നാം ഈ നോമ്പുകാലം ഫലദായകമാക്കാൻ. നോമ്പുകാലത്ത് പ്രാർഥനയ്ക്കും ജീവകാരുണ്യപ്രവർത്തനങ്ങൾക്കും നാം കൂടുതൽ സമയം കണ്ടെത്തുകയും വേണം. എല്ലാറ്റിലും ഉപരിയായി അനുതാപത്തിനും ഹൃദയപരിവർത്തനത്തിനുമുള്ള അവസരമാണ് നോമ്പുകാലം. ആരാധനയും കുരിശിന്റെ വഴിയും ധ്യാനങ്ങളും മറ്റു നവീകരണ പരിപാടികളും നോമ്പുകാലത്ത് നാം ഇടവകകളിൽ നടത്താറുണ്ട്. ഇവയൊക്കെ വെറും ആവർത്തനങ്ങളാകരുത്. വ്യക്തികളിലും കുടുംബങ്ങളിലും സഭാസമൂഹങ്ങളിലും മാറ്റംവരുത്താൻ അവ സഹായകമാകണം.

മൂന്നുവർഷമായിട്ടും ഫലംതരാത്ത അത്തിമരത്തെ വെട്ടിക്കളയാൻ നിർദേശിച്ച യജമാനനോട് കൃഷിക്കാരൻ പറഞ്ഞു. ‘‘ഈ വർഷംകൂടി അതു നില്ക്കട്ടെ. ഞാനതിന്റെ ചുവടുകിളച്ച് വളമിടാം. മേലിൽ അതു ഫലം നല്കിയേക്കാം. ഇല്ലെങ്കിൽ നീയതു വെട്ടിക്കളഞ്ഞു കൊള്ളുക.’’ (ലൂക്ക 13:69).

നമുക്കും ദൈവം ഒരവസരംകൂടി നല്കുകയാണ്. ഇനിയും അവസരമുണ്ടാകും, ഇനിയും സമയം കിട്ടും, ഇനിയും ദൈവം ക്ഷമിക്കും എന്നെല്ലാം ചിന്തിച്ചുകൊണ്ട് അനുതപിക്കുകയോ ഹൃദയം

പരിവർത്തിതമാക്കുകയോ ചെയ്യാതെ ജീവിക്കുന്നവനോട് പൗലോസ് ശ്ലീഹാ ചോദിക്കുന്ന ചോദ്യമിതാണ്: ''ദൈവത്തിന്റെ നിസീമമായ ദയയും സഹിഷ്ണുതയും നീ നിസാരമാക്കുകയാണോ ചെയ്യുന്നത്? നിന്നെ അനുതാപത്തിലേക്ക് നയിക്കുകയാണ് ദൈവത്തിന്റെ ദയയുടെ ലക്ഷ്യമെന്ന് നീ അറിയുന്നില്ലേ?'' (റോമ 2-4).

ദൈവത്തിന്റെ കരുണയും ക്ഷമയും നിസാരമാക്കി പാപത്തിൽ തുടരുന്നവൻ തന്റെ കഠിനവും അനുതാപരഹിതവുമായ ഹൃദയംനിമിത്തം തനിക്കുതന്നെ ദൈവകോപം സംഭരിച്ചുവയ്ക്കുകയാണ് ചെയ്യുന്നത് (റോമ 2-5).

അനുതപിച്ച് ദൈവത്തിലേക്കു തിരിയാൻ അവിടുന്ന് നമുക്കു നല്കുന്ന അവസരമായ നോമ്പുകാലത്തിലെ ശേഷിച്ച ആഴ്ചകൾ ഏറ്റം ഫലപ്രദമായി നമുക്കു ചെലവഴിക്കാം. ഉപവാസവും പ്രാർഥനയും അനുതാപവും വഴി മിശിഹായെയും അവിടുത്തെ പിതാവിനെയും പരിശുദ്ധാത്മാവിനെയും നമുക്ക് പ്രസാദിപ്പിക്കാം.

# നോമ്പ്, ആത്മീയ നിയോഗങ്ങളിലേക്കുള്ള വിളി

**മാർ മാത്യു അറയ്ക്കൽ** (കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ)

പെസഹാരഹസ്യങ്ങളുടെ തീവ്രധ്യാനത്തിന്റെ അമ്പതുനാളുകളിലൂടെ സഭ കടന്നുപോവുകയാണല്ലോ. ആരാധനാവത്സരത്തിലെ നോമ്പുകാലം, പെസഹാനുഭവം നമ്മുടെ വ്യക്തിപരമായ ജീവിതത്തിൽ യാഥാർഥ്യമാക്കാൻ തീവ്രമായി പരിശ്രമിക്കുന്ന ഒരു കാലഘട്ടമാണ്; പീഡാനുഭവത്തിലൂടെയും മരണത്തിലൂടെയും ഉത്ഥാനത്തിലേക്ക് കടന്നുപോയ ഈശോയോടു ചേർന്ന് പാപത്തിനു മരിച്ച് ദൈവത്തിനുവേണ്ടി ജീവിക്കുന്ന ഒരു കടന്നുപോകൽ അനുഭവം സ്വന്തമാക്കാനുള്ള കാലഘട്ടം. ഈശോയുടെ പീഡാനുഭവവും മരണവുമാണ് നോമ്പുകാലത്ത് നാം പ്രത്യേകം അനുസ്മരിക്കുകയും ധ്യാനവിഷയമാക്കുകയും ചെയ്യുന്നത്. നമ്മുടെ പാപങ്ങൾക്കാണ് ഈശോ തന്റെ സഹനമരണത്തിലൂടെ പരിഹാരം ചെയ്തത്. നമ്മെ പാപത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടിയാണ് അവിടുന്ന് കുരിശുമരണം ഏറ്റുവാങ്ങിയത്. അതുകൊണ്ട് പാപങ്ങളിൽനിന്നു പിന്തിരിഞ്ഞ് ജീവിതവിശുദ്ധീകരണം സാധിച്ച് ഈശോയോടൊത്ത് പുതിയ ജീവിതത്തിലേക്ക് ഉയിർത്തെഴുന്നേൽക്കാൻ നോമ്പുകാലം നമ്മെ സഹായിക്കണം.

''മനുഷ്യാ നീ പൊടിയാകുന്നു, പൊടിയിലേക്കു തന്നെ നീ മടങ്ങും'' എന്ന് വിഭൂതി ചാർത്തി നോമ്പുകാലം നമ്മെയോർമിപ്പിക്കുമ്പോൾ അത് നമ്മുടെയും നമ്മെ ചുറ്റിപ്പറ്റി നിൽക്കുന്ന ഭൗതികലോകത്തിന്റെയും നശ്വരതയെക്കുറിച്ചുള്ള ഓർമപ്പെടുത്തലുകൾ കൂടെയാണ്. ശിരസിൽ ചാരം പൂശിയാരംഭിക്കുന്ന ത്യാഗത്തിന്റെയും അനുതാപത്തിന്റെയും അമ്പതുനാളുകൾ, ഭൗതികതയുടെ നശ്വരതയിൽ പദമൂന്നി നിൽക്കുമ്പോഴും അനശ്വരതയിലേക്ക്, ദൈവത്തോളം പൂർണതയിലേക്ക് (മത്താ 5:48)എത്തേണ്ട മനുഷ്യന്റെ ആത്മീയ നിയോഗങ്ങളെ തൊട്ടുണർത്തുന്നുണ്ട്. അതുകൊണ്ടുതന്നെ ലൗകികവ്യഗ്രതകളുടെ ചാരംമൂടിയ ആത്മീയതയുടെ കനലുകളെ വചനവെളിച്ചത്തിൽ (മത്താ 4:3) ഊതിത്തെളിക്കാനുള്ള ആഹ്വാനമാണ് നോമ്പുകാലം നമുക്ക് നൽകുക. സ്വയം ശൂന്യവത്ക്കരണമാണ് ദൈവത്തോളമെത്തുന്ന മഹത്വത്തിന്റെ വഴിയെന്ന് ക്രിസ്തുവിന്റെ പെസഹാരഹസ്യങ്ങളേക്കുറിച്ചുള്ള ധ്യാനം നമുക്ക് മുന്നറിയിപ്പ് നൽകുന്നു.

മരുഭൂമിയിൽ ക്രിസ്തു നേരിട്ട് വിജയിച്ച പ്രലോഭനങ്ങളിൽ ഇന്നിന്റെ മനുഷ്യൻ വല്ലാതെ വീണുപോയിട്ടുണ്ട്. അപ്പത്തിന്റെയും അംഗീകാരത്തിന്റെയും അധികാരത്തിന്റെയും വ്യാമോഹങ്ങൾ അവന്റെ മൂല്യശ്രേണിയെ വല്ലാതെ മാറ്റിമറിച്ചിട്ടുണ്ട്. മഹത്വത്തിലേക്കുള്ള വഴി അപ്പത്തിന്റെയും അംഗീകാരത്തിന്റെയും അധികാരത്തിന്റെയും വഴികളാണെന്ന തെറ്റിദ്ധാരണ, സഹോദരനെ അവഗണിച്ചും തള്ളിപ്പറഞ്ഞും മുന്നേറാൻ ആധുനിക മനുഷ്യനെ പ്രേരിപ്പിക്കുന്നു.

സ്വാർഥമോഹങ്ങളുടെ പൂർത്തീകരണം അവനെ ദൈവത്തോളമെത്തിക്കുമെന്ന വ്യർഥചിന്ത ഇന്നിന്റെ തിന്മകളുടെ മൂലകാരണമാണ്. ഭൗതികതയിലുള്ള തെറ്റായ ആശ്രയബോധം മനുഷ്യന്റെ ആത്മീയനിയോഗങ്ങളെ ശ്വാസം മുട്ടിച്ച് കെടുത്തിക്കളയുന്നുണ്ട്.

നോമ്പാചരണം നമ്മുടെ മുന്നിൽ വയ്ക്കുന്ന വലിയ പാഠം യഥാർഥ മഹത്വത്തിലേക്കുള്ള വഴി ശൂന്യവത്ക്കരണത്തിന്റേതാണ് എന്നതുതന്നെ. ദൈവമായിരിക്കെ ദാസനാവുകയും സ്വയം ശൂന്യവത്ക്കരിക്കുകയും ചെയ്ത മിശിഹായെക്കുറിച്ചാണല്ലോ പെസഹാ രഹസ്യങ്ങളുടെ ധ്യാനം നമ്മെ ഓർമിപ്പിക്കുക. മനുഷ്യവർഗത്തോടുള്ള സ്നേഹത്തേപ്രതി ഭൂമിയോളം താഴുകയും മനുഷ്യപാദങ്ങളോളം കുനിയുകയും ചെയ്ത ദൈവപുത്രന്റെ വഴിയാണ് ദൈവത്തിന്റെ പരിപൂർണതയിലേക്കുള്ള വഴിയും.

ഈ നോമ്പുകാലത്ത് വിശപ്പും ദാഹവും പോലുള്ള ഒട്ടേറെ അപ്രിയാനുഭവങ്ങളെ ഹൃദയപൂർവം ശരീരത്തിലേക്കു വാങ്ങുന്നതോടൊപ്പം വചനവെളിച്ചത്തിൽ ലൗകികതയുടെ കെട്ടുപാടുകളെ നമ്മുടെ ജീവിതത്തിൽ നിന്ന് കഴുകിക്കളയാം; ആത്മീയ നിയോഗങ്ങളെ വചന വെളിച്ചത്തിൽ തെളിമയുള്ളതാക്കാം; നമ്മുടെ അനാവശ്യ അഹംബോധങ്ങളെ അകറ്റി ആദിനൈർമല്യങ്ങളിലേക്ക് ഇനിയൊരു മടക്കയാത്രയാവാം.

പ്രശസ്ത ആംഗലേയ നാടകകൃത്തായ ക്രിസ്റ്റഫർ മാർലോയുടെ പ്രശസ്തമായ ഒരു നാടകമാണ് 'ഡോക്ടർ ഫൗസ്റ്റസ്'. ആ നാടകത്തിൽ നിറഞ്ഞു നിൽക്കുന്ന കഥാപാത്രം ഫൗസ്റ്റസാണ്. എല്ലാ ശാസ്ത്രങ്ങളിലും അതീവ പാണ്ഡിത്യം നേടിയവനായിരുന്നു അദ്ദേഹം. പക്ഷേ നിരന്തരം അദ്ദേഹത്തെ പീഡിപ്പിച്ചുകൊണ്ടിരുന്ന ഒരു ചിന്തയുണ്ടായിരുന്നു; എങ്ങനെയും ദൈവത്തെപ്പോലെ ആയിത്തീരുക, ലോകശക്തികളെ അടക്കി ഭരിക്കുക. അതിനായി അയാൾ കുപ്രസിദ്ധമായ മന്ത്രവാദത്തിന്റെ വഴികളാണ് കണ്ടെത്തിയത്. ലോകസുഖത്തിനായി തന്റെ ശരീരത്തെയും ആത്മാവിനെയും പിശാചുകളെയും തലവനായ മെഫിസ്റ്റോഫെലോസിന് അടിയറ വച്ചും സ്വന്തം രക്തത്തിൽ എഴുതിയ സമ്മതപത്രം അയാൾ അതിനായി നൽകി. അന്നുമുതൽ അയാൾ വിചാരിക്കുന്നതെന്തും സംഭവിക്കാൻ തുടങ്ങി. തനിക്കതീതമായി ഒന്നുമില്ല എന്ന വിചാരത്തിൽ എല്ലാവിധ തിന്മകളിലും അയാൾ മുങ്ങിക്കളിയും. എന്നാൽ കരാറിന്റെ കാലാവധി അടുത്തുവന്നപ്പോൾ അയാൾ നിരാശനായി. ദൈവത്തെ വെളിച്ചുപേക്ഷിക്കുവാൻ പോലും അയാൾക്ക് കഴിഞ്ഞില്ല. ഒടുവിൽ ദൈവത്തേപ്പോലെ ആയിത്തീരാൻ ആഗ്രഹിച്ചു. ഡോ.ഫൗസ്റ്റസ് നരകത്തിലേക്ക്, നിത്യമായ അന്ധകാരത്തിലേക്ക് നടന്നു നീങ്ങുന്നു. ആധുനിക ജീവിതത്തിന്റെ ഒരു നാടകാവിഷ്ക്കാരമാണിത്. ഞാനും നിങ്ങളും കടന്നുപോകാൻ ആഗ്രഹിക്കാത്തതും എന്നാൽ അറിഞ്ഞോ അറിയാതെയോ കടന്നുപോകുന്ന ഒരു ജീവിത യാഥാർത്ഥ്യം. നോമ്പാചരണം നമ്മുടെ മുന്നിൽ വയ്ക്കുന്ന വലിയ പാഠം യഥാർഥ മഹത്വത്തിലേക്കുള്ള വഴി ശൂന്യവത്ക്കരണത്തിന്റേതാണ് എന്നതുതന്നെ. ദൈവമായിരിക്കെ ദാസനാവുകയും സ്വയം ശൂന്യവത്ക്കരിക്കുകയും ചെയ്ത മിശിഹായെക്കുറിച്ചാണല്ലോ പെസഹരഹസ്യങ്ങളുടെ ധ്യാനം നമ്മെ ഓർപ്പിക്കുക. മനുഷ്യവർഗത്തോടുള്ള സ്നേഹത്തേപ്രതി ഭൂമിയോളം താഴുകയും മനുഷ്യപാദങ്ങളോളം കുനിയുകയും ചെയ്ത ദൈവപുത്രന്റെ വഴിയാണ് ദൈവത്തിന്റെ പരിപൂർണതയിലേക്കുള്ള വഴിയും.

ഈ നോമ്പുകാലത്ത് വിശപ്പും ദാഹവും പോലുള്ള ഒട്ടേറെ അപ്രിയാനുഭവങ്ങളെ ഹൃദയപൂർവം ശരീരത്തിലേക്കു വാങ്ങുന്നതോടൊപ്പം വചന വെളിച്ചത്തിൽ ലൗകികതയുടെ കെട്ടുപാടുകളെ നമ്മുടെ ജീവിതത്തിൽ നിന്ന് കഴുകിക്കളയാം. ആത്മീയ നിയോഗങ്ങളെ വചന വെളിച്ചത്തിൽ തെളിമയുള്ളതാക്കാം. നമ്മുടെ അനാവശ്യ അഹംബോധങ്ങളെ അകറ്റി ആദി നൈർമല്യങ്ങളിലേക്ക് ഇനിയൊരു മടക്കയാത്രയാവാം.

# 'ജലത്താലും ആത്മാവിലും വീണ്ടും ജനിക്കുക'

**മോൺ. റാഫേൽ തട്ടിൽ** (നിയുക്ത സഹായമെത്രാൻ, തൃശൂർ അതിരൂപത)

അമ്പതുനോമ്പ് അനുതാപത്തിന്റെയും ആത്മവിശുദ്ധീകരണത്തിന്റെയും കാലഘട്ടമാണ്. സഭാപിതാവായ വിശുദ്ധ ജോൺ ക്രിസോസ്റ്റോം അമ്പതു നോമ്പിനെ വിശേഷിപ്പിക്കുന്നത് പ്രാർഥനയുടെയും പ്രായശ്ചിത്തത്തിന്റെയും ഗർഭപാത്രത്തിലുള്ള ക്രൈസ്തവന്റെ പുനർജനനത്തിന്റെ കാലഘട്ടമായാണ്. പാപവഴികൾ ഉപേക്ഷിച്ച് ജലത്തിലും ആത്മാവിലും ക്രൈസ്തവൻ വീണ്ടും ജനിക്കാൻ തമ്പുരാൻ ഒരുക്കുന്ന നവീകരണകാലഘട്ടമാണ് നോമ്പ്. നിക്കോദെമൂസിനോട് വീണ്ടും ജനിക്കണമെന്ന് ആഹ്വാനം ചെയ്തത് ഓരോ നോമ്പുകാലഘട്ടത്തിലും ഈശോ ആവർത്തിക്കുന്നുണ്ട്. ജലവും ആത്മാവും നോമ്പിന്റെ രണ്ടു പ്രതീകങ്ങളാണ്.

ജലത്തിൽ ജനിക്കുക എന്ന പ്രയോഗം അർഥമാക്കുന്നത് പാപത്തിൽനിന്ന് കഴുകി വൃത്തിയാക്കുക എന്നതാണ്. നോമ്പുകാലഘട്ടം പാപത്തിന്റെ വഴികളെ ഉപേക്ഷിക്കാനുള്ള അനിതരസാധാരണമായ അവസരമാണ്. പാപബോധമാണ് നോമ്പിന്റെ ഹൃദയത്തുടിപ്പുകൾ. പാപത്തിന്റെ വഴികൾ ഉപേക്ഷിക്കാൻ മനുഷ്യനെ സഹായിക്കുന്ന സുപ്രധാനമായ ഒരു മാർഗം ജീവിതത്തിന്റെ നൈമിഷികതയെക്കുറിച്ചുള്ള വിവേകപൂർണമായ വിചിന്തനമാണ്. നോമ്പാരംഭിക്കുന്നത് നെറ്റിയിൽ ചാരം പൂശിക്കൊണ്ടാണ്. 'മനുഷ്യാ നീ മണ്ണാകുന്നു; നീ മണ്ണിലേക്കുതന്നെ മടങ്ങുക' എന്ന പ്രാർഥന നോമ്പിന്റെ ഹൃദയവികാരത്തിന്റെ പ്രതിധ്വനിയാണ്. വിശുദ്ധ അഗസ്തീനോസ് ആത്മകഥയിൽ സ്വന്തം ജീവിതാനുഭവത്തിന്റെ വെളിച്ചത്തിൽ നടത്തുന്ന പ്രസ്താവന എത്രയോ അർഥവത്താണ്: ' മനുഷ്യാ നീ നിന്റെ മരണത്തെക്കുറിച്ചോർത്താൽ പിന്നെ പാപം ചെയ്യുകയില്ല.'

സുവിശേഷത്തിലെ സുപ്രധാനമായ ഒരു പ്രയോഗമാണ് 'ജാഗരൂകരായിരിക്കുക'. മണവാളനെ വരവേല്ക്കാൻ ജാഗരൂകരായിരുന്ന വിവേകമതികളെ പോലെയായിരിക്കണം ക്രിസ്തുശിഷ്യന്മാർ. ഈ ലോകത്തിന്റെ സുഖവും ജഡത്തിന്റെ മോഹവും സാത്താന്റെ സുന്ദരവാഗ്ദാനങ്ങളും നൈമിഷികമാണെന്ന് തിരിച്ചറിയുന്ന മനുഷ്യനു മാത്രമേ ലോകത്തിലെ സർവസുഖങ്ങളും ആത്മാവിനുവേണ്ടി ത്യജിക്കാൻ സാധിക്കുകയുള്ളൂ. നോമ്പിൽ പ്രായോഗികമാക്കുന്ന തപസും പ്രായശ്ചിത്തവും വഴി നാം പ്രഖ്യാപിക്കുന്ന ഒരു സത്യമുണ്ട്. ലോകത്തേക്കാൾ വലുതാണ് സ്വർഗം; ശരീരത്തേക്കാൾ മഹത്വപൂർണമാണ് ആത്മാവ്. നോമ്പുകാലഘട്ടത്തിൽ പാപത്തിന്റെ വഴികൾ വൃത്തിയാക്കാൻ കണ്ണുനീരിന്റെയും പ്രായശ്ചിത്തത്തിന്റെയും വഴികളിലേക്ക് നാം തിരിയണം.

പുനർജനനം സാധിക്കേണ്ടത് ആത്മാവിലാണ്. ആത്മാവിൽ നവീകരിക്കപ്പെടുമ്പോൾ നമ്മുടെ സ്വഭാവത്തിന് ദൈവത്തിന്റെ ഭാവം കൈവരും. അപ്പസ്തോലനായ പൗലോസ് പുനർജനനത്തെ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്: 'നിങ്ങളിൽ യേശുവിന്റെ മനോഭാവം ഉണ്ടാവട്ടെ.' പാപത്തിന്റെ വഴികൾ ഉപേക്ഷിച്ചതുകൊണ്ടു മാത്രം നോമ്പ് പൂർണമാകില്ല. ദൈവത്തിന്റെ വഴികളിലൂടെ സഞ്ചരിക്കാൻ നാം പഠിക്കണം. നമ്മിലൂടെ ക്രിസ്തുവിന്റെ പ്രകാശവും രുചിയും ജനങ്ങൾ തിരിച്ചറിയട്ടെ. നോമ്പുകാലം ഉത്ഥാനത്തിന്റെ സന്തോഷത്തിലാണ് പരമകാഷ്ഠയിലെത്തുന്നത്. പാപത്തിന്റെ കല്ലറകളിൽനിന്നും പുണ്യത്തിന്റെ പുതിയ മനുഷ്യരായി ഉത്ഥാനം ചെയ്യാൻ നമുക്ക് കഴിയണം. അപ്പോൾ നമ്മിലൂടെ യേശുവിന്റെ സമാധാനം സർവർക്കും സംലബ്ധമാകും.

# അനുരഞ്ജനത്തിന്റെ കാലം

**മാർ ആന്റണി ചിറയത്ത്** (ബിഷപ്, സാഗർ രൂപത)



പ്രാർഥനയും ഉപവാസവും പരിത്യാഗവും ദാനധർമങ്ങളുമായി ഒരു നോമ്പുകാലംകൂടി നാം ആരംഭിച്ചുകഴിഞ്ഞു. ദൈവസ്നേഹം ആസ്വദിക്കാനും പരസ്നേഹം പ്രകടിപ്പിക്കാനും സ്വയം നിയന്ത്രിക്കാനും തനിക്കുള്ളത് അപരനുമായി പങ്കിടാനും ദൈവപരിപാലന നമുക്കായി കരുതലോടെ ഒരുക്കിയ ഒരു സുവർണാവസരമാണിത്. യേശുവിന്റെ പീഡാനുഭവ ധ്യാനത്തിനും ദൈവവചന വിചിന്തനത്തിനും സഭ നമുക്കായി തയാറാക്കിയ ധന്യനിമിഷങ്ങൾ.

നോമ്പ് അനുരഞ്ജനത്തിന്റെ കാലമാണ്. അനുരഞ്ജനം അർഥപൂർണമാകണമെങ്കിൽ ദൈവവുമായും സഹോദരങ്ങളുമായും പ്രകൃതിയുമായും നമ്മോടുതന്നെയും നമുക്ക് അനുരഞ്ജനം വേണം. ദൈവസാന്നിധ്യാനുഭവത്തിൽ അനുദിനം അഭിവൃദ്ധിപ്പെടാൻ ഉപവാസം കൂടിയേ തീരൂ. നമ്മുടെ ശുശ്രൂഷകൾക്കും ജീവിതത്തിനുതന്നെയും അഭൗമികമായ ഒരു കരുത്ത് പ്രാർഥനയിലൂടെയും ഉപവാസത്തിലൂടെയും ദാനധർമങ്ങളിലൂടെയും ആർജിക്കാനുള്ള ഒരു പ്രത്യേക ആഹ്വാനമാണ് ഓരോ നോമ്പുകാലത്തും നമുക്ക് ലഭിക്കുന്നത്. യേശുവിന്റെ പാടുപീഡകളിൽ സജീവമായ പങ്കാളിത്തം ഉറപ്പാക്കാൻ, അനുദിന ജീവിതാനുഭവങ്ങളിൽ ദൈവത്തിന്റെ ദിവ്യസ്പർശം അനുഭവിക്കാൻ, വ്യക്തികളിൽ അവിടുത്തെ തിരുമുഖം ദർശിക്കാൻ, യാഥാർഥ്യബോധത്തോടെ, നിറഞ്ഞമനസോടെ നമുക്ക് ഈ തപസുകാലം ചെലവഴിക്കാം.

# നീതിയും വിശുദ്ധിയും

**ഡോ. സ്റ്റാൻലി റോമൻ** (കൊല്ലം ബിഷപ്)

കൈമോശം വന്ന വിശുദ്ധിയും നീതിബോധവും വീണ്ടെടുക്കാനുള്ള കാലഘട്ടമാണ് നോമ്പുകാലം. വിശുദ്ധിയും നീതിയും നഷ്ടപ്പെട്ട ഒരു ജനതയുടെമേൽ ദൈവകോപം പേമാരിയായി പെയ്തിറങ്ങിയപ്പോൾ ദൈവികസംരക്ഷണയുടെ പെട്ടകത്തിനുള്ളിൽ വിശുദ്ധിയും നീതിയുമുള്ള ഒരു പുതുലോകത്തിനായി നോഹ ധ്യാനപൂർവം കാത്തിരുന്നത് നാല്പതു ദിനരാത്രങ്ങളായിരുന്നു (ഉൽപത്തി: 7/12).

മനുഷ്യൻ വിശുദ്ധിയിലും നീതിയിലും ചരിക്കുന്നതിന് ദൈവം നൽകിയ നിയമങ്ങൾ ധ്യാനിക്കാൻ മോശ സീനായ് മലയിൽ ചിലവിട്ടതും നാൽപ്പതു ദിനരാത്രങ്ങളായിരുന്നു (പുറപ്പാട്: 7/12). വിശുദ്ധിയുടെ തേനും നീതിയുടെ പാലുമൊഴുകുന്ന കാനാൻദേശത്തു പ്രവേശിക്കുന്നതിന് ഒരുക്കമായി ഇസ്രേൽ ജനത്തിന് ഉപവാസത്തോടെ മരുഭൂമിയിൽ അലഞ്ഞുതിരിയേണ്ടിവന്നത് നാൽപ്പത് വർഷങ്ങൾ ആയിരുന്നു (സംഖ്യ: 14/34).

മനുഷ്യകുലത്തിന്റെ വിശുദ്ധിയും, നീതിയും വിണ്ടെടുക്കാൻ മനുഷ്യനായി അവതരിച്ച്

സ്വയംബലിയായി മാറിയ യേശുനാഥൻ വിശുദ്ധിയും നീതിയും സംരക്ഷിക്കുന്നതിന് നാരകീയശക്തികളോട് മരുഭൂമിയിൽവച്ച് പോരാടിയ ദിനങ്ങളുടെ എണ്ണവും നാൽപതായിരുന്നു (ലൂക്ക: 5/35).

നീതി എന്നത് ഒരാൾക്കു ന്യായമായി അർഹിക്കുന്നത് അഥവാ അവകാശപ്പെട്ടത് നൽകുക അല്ലെങ്കിൽ നടത്തിക്കൊടുക്കുക എന്നതാണ്. ഒന്നാമതായി നമ്മിൽ നിന്നു നീതി ആവശ്യപ്പെടുന്നത് ദൈവമാണ്. നമ്മിൽ നിന്നു ന്യായമായി അവിടുന്ന് അവകാശപ്പെടുന്നത് നമ്മുടെ സ്നേഹമാണ്. ദൈവത്തെ സ്രഷ്ടാവും നാഥനും രക്ഷകനുമായി അംഗീകരിക്കുന്ന അളവില്ലാത്ത സ്നേഹം അതാണ് ഏറ്റവും പ്രധാനം. രണ്ടാമതായി നമ്മിൽനിന്നു നീതി പ്രതീക്ഷിക്കുന്നത് സഹജീവികളാണ്. അവരോട് നാം നീതി പ്രകടിപ്പിക്കേണ്ടത് പരസ്നേഹ പ്രവൃത്തികളിലൂടെയാണ്. അയൽക്കാരനെക്കുറിച്ച് കരുതൽ, ഔദാര്യം, പങ്കുവയ്ക്കൽ ഇവയാണ് പരസ്നേഹപ്രവൃത്തികളിൽ മുഖ്യമായിട്ടുള്ളത്. മൂന്നാമതായി നാം നീതി പ്രദർശിപ്പിക്കേണ്ടത് നമ്മോടുതന്നെയാണ്. നമ്മോടു തന്നെ നാം നീതി പുലർത്തുന്ന സ്നേഹത്തിന്റെ വഴിയാണ് ജീവിതവിശുദ്ധി. മനുഷ്യന് പ്രകൃതിയോടുള്ള കടപ്പാടും സ്നേഹവും ഇതിൽ രണ്ടാമത്തെ തലത്തിൽപ്പെടുന്നു.

ഇപ്രകാരം ഈ മൂന്നു തലങ്ങളിലും നീതി നിവർത്തിക്കുന്നവന് മാത്രമേ വിശുദ്ധിയിൽ നിലനിൽക്കാനാകൂ. വിശുദ്ധിയിൽ നിലനിൽക്കുന്നവന് മാത്രമേ ഈ മൂന്ന് തലങ്ങളിലും നീതിയും നിവർത്തിക്കാനാകൂ. ഇങ്ങനെ വിശുദ്ധിയുടെയും നീതിയുടെയും ആവശ്യകത കണക്കിലെടുത്തു കൊണ്ടാകണം പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ നീതിക്കു പ്രാധാന്യം നൽകിയത്. നമ്മുടെ സാഹചര്യങ്ങളോ, പരിതസ്ഥിതികളോ പുറത്തുനിന്നുള്ള പ്രേരണകളോ അല്ല നമ്മെ അശുദ്ധരാക്കുന്നത്, മറിച്ച് തിന്മ നിറഞ്ഞ താല്പര്യങ്ങളാണ് നമ്മെ അശുദ്ധരാക്കുന്നത്. ഹൃദയകവാടത്തിൽ ദുഷ്ചിന്തകളെ നിരന്തരമായി തടഞ്ഞുനിർത്തുന്നതാണ് യഥാർഥ ജാഗരണം. ആന്തരിക ജാഗ്രതയും പ്രാർഥനയും സംയോജിപ്പിക്കുന്ന ജീവിതം നയിക്കുന്ന ഒരുവന് നിർഭയം വിശുദ്ധിയിലും നീതിയിലും ദൈവതിരുമുമ്പിൽ ശുശ്രൂഷ ചെയ്യാൻ ഒരു പ്രയാസവുമുണ്ടാകില്ല. എങ്കിലും നിരന്തരമായ തപസിലൂടെ മാത്രമേ ഇത് നേടിയെടുക്കാനാകൂ. ഈ തപസിനുള്ളതാവട്ടെ നമ്മുടെ ഈ നാല്പതുദിനരാത്രങ്ങൾ.

# പൊളിച്ചെഴുത്തിന്റെയും ശുദ്ധീകരണത്തിന്റെയും കാലം

**ഡോ. വിൻസന്റ് സാമുവൽ** (നെയ്യാറ്റിൻകര ബിഷപ്)

നിനെവേ നിവാസികളും രാജാവും ചാക്കുടുത്ത് ചാരം പൂശി ഉപവസിച്ചതു പോലെ, പാപബോധത്താൽ നി ലത്തുകിടന്ന് ഉപവസിച്ച ദാവീദ് രാജാവിനെപ്പോലെ, ചാരത്തിലിരുന്ന് പശ്ചാത്തപിച്ച ജോബിനെപ്പോലെ, തന്റെ വീഴ്ച മനസിലാക്കി പശ്ചാത്താപ വിവശനായി യേശുവിനെ ധ്യാനിച്ചു കരഞ്ഞ പത്രോസിനെപ്പോലെ, ജീവിതത്തിന്റെ ഉള്ളറകളിലേക്ക് കടന്നുചെന്ന് യേശുവിനോടൊത്ത് ആയിരിക്കുവാനും അവന്റെ സാന്നിധ്യം അനുഭവിക്കാനുമുള്ള കാലയളവാണ് നോമ്പുകാലം. ഉപവാസം, പ്രാർഥന, ദാനധർമം എന്നിവയാണ് നോ മ്പുകാലത്തിന്റെ പ്രധാന ഘടകങ്ങൾ. ഉപവാസം ഒരുവനിൽ ആത്മനിയന്ത്രണത്തിനും ആത്മീയ നവീകരണത്തിനും വഴിയൊരുക്കുന്നു.

ഉപവാസം ഒരു സംസ്കൃത പദമാണ്. ഉപ = അടുത്ത്, വാസം = ആയിരിക്കുക, ജീവിക്കുക

ഉപവാസം = അടുത്തായിരിക്കുക, അടുത്തു ജീവിക്കുക. ചുരുക്കത്തിൽ, ഉപവാസം എന്നത് ദൈവത്തിന്റെ കൂടെ ആയിരിക്കുക എന്നതാണ്. ദൈവവുമായിട്ടുള്ള ഈ അടുത്തു ജീവിക്കൽ വഴി സ്വാഭാവികമായി നാമും ചരിക്കുക അവനോടൊപ്പമായിരിക്കും. മറ്റൊരർഥത്തിൽ പറഞ്ഞാൽ

കാണുകയും കേൾക്കുകയും പ്രതികരിക്കുകയും ചെയ്ത് യേശുവിനെപ്പോലെ ഒരു പൂർണ്ണ മനുഷ്യനായി രൂപാന്തരപ്പെടുവാനുള്ള വിലയേറിയ ദിനങ്ങളാണിത്.

ഈ യാഥാർഥ്യബോധത്തിലേക്ക് എത്താൻ 'ധ്യാനത്തിന്റെ ചിത' നമ്മെ സഹായിക്കും. നോമ്പുകാലം നമ്മെ ഓർമപ്പെടുത്തുന്നതും അതുതന്നെയാണ്.

ഒരു ക്രൈസ്തവനോട് നോമ്പുകാലം ആവശ്യപ്പെടുന്ന കാര്യങ്ങൾ ഇവയാണ്. തിന്മയെ ഉപേക്ഷിക്കുക, ദൈവത്തിലേക്ക് തിരിയുക, മറ്റുള്ളവരുമായി രമ്യപ്പെടുക, പ്രകൃതിയുമായി സഹവർത്തിത്വമുണ്ടാക്കുക. മറ്റൊരർഥത്തിൽ പറഞ്ഞാൽ ജീവിതത്തിൽ ഒരു പുറപ്പാടനുഭവം ഉണ്ടാക്കുക.

അതായത്, അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള കടന്നുപോകൽ, പാപത്തിൽനിന്ന് ദൈവമക്കളിലേക്കുള്ള കടന്നുപോകൽ, നിരാശയിൽനിന്ന് പ്രതീക്ഷയിലേക്കുള്ള കടന്നുപോകൽ, വിദ്വേഷത്തിൽനിന്ന് സ്നേഹത്തിലേക്കുള്ള കടന്നുപോകൽ, അനീതിയിൽനിന്ന് നീതിയിലേക്കുള്ള കടന്നുപോകൽ, അസത്യത്തിൽനിന്ന് സത്യത്തിലേക്കുള്ള കടന്നുപോകൽ, അഹന്തയിൽ നിന്ന് എളിമയിലേക്കുള്ള കടന്നുപോകൽ. നോമ്പുകാലത്തിന്റെ പ്രത്യേകതകളെ ഹൃദയത്തോടു ചേർത്തുകഴിയുമ്പോൾ ഒരുവനിൽ ഉണ്ടാകുന്ന പൊളിച്ചെഴുത്തിന്റെയും ശുദ്ധീകരണത്തിന്റെയും ഫലങ്ങളാണിവ.

എല്ലാവിധ പരിശുദ്ധിയോടും ത്യാഗത്തോടും കൂടി നോമ്പുകാലത്തിലൂടെ കടന്നുപോകാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു, പ്രാർഥിക്കുന്നു.

# അനീതിയുടെ നുകമൊടിക്കുക

**മാർ ജോസ് പൊരുന്നേടം** (മാനന്തവാടി രൂപത മെത്രാൻ)

ക്രൈസ്തവലോകം ഇപ്പോൾ വലിയ നോമ്പിലാണല്ലോ. പശ്ചാത്താപത്തിന്റെയും പ്രായശ്ചിത്തത്തിന്റെയും അടയാളമായി നെറ്റിയിൽ ചാരം പൂശി നോമ്പാരംഭിച്ചു. അതോടൊപ്പം ആഘോഷങ്ങളിൽനിന്നും ആഡംബരങ്ങളിൽനിന്നും ഈ കാലഘട്ടത്തിൽ മാറിനിൽക്കുന്നു. ഭക്ഷണപാനീയങ്ങളിൽ നോമ്പുകാലത്ത് ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നു. കൂടുതലായി ഈ കാലഘട്ടത്തിൽ പ്രാർഥിക്കുകയും പ്രായശ്ചിത്ത പ്രവൃത്തികൾ ചെയ്യുകയും ചെയ്യുന്നു. കൂടുതലായി വിശുദ്ധകുർബാനയിൽ സംബന്ധിക്കുകയും അനുതാപത്തിന്റെ കൂദാശയ്ക്കായി അടുത്തടുത്ത് അണയുകയും ചെയ്യുന്നു. ചിലരെങ്കിലും തീർഥാടനങ്ങൾക്കായും ഈ കാലഘട്ടം തെരഞ്ഞെടുക്കുന്നു.

ഇപ്പറഞ്ഞവയെല്ലാം നമ്മുടെ പാപങ്ങളേയും തെറ്റുകളേയുംപറ്റി നാം പശ്ചാത്താപിക്കുന്നുവെന്നും അവയിൽ നിന്ന് പിന്തിരിയാൻ നാം ആഗ്രഹിക്കുന്നുവെന്നും ഉള്ളതിന്റെ ബാഹ്യമായ അടയാളങ്ങളാണ്. അതുപോലെ കർത്താവുമായി കൂടുതൽ അടുത്തുവസിക്കാൻ ആഗ്രഹിക്കുന്നുവെന്നും അവ ദ്യോതിപ്പിക്കുന്നു.

എന്നാൽ അവയ്ക്ക് ആനുപാതികമായ മാറ്റങ്ങൾ നമ്മുടെ ഉള്ളിൽ സംഭവിക്കുമ്പോഴാണ് അവ ഫലവത്തായി എന്നു പറയാൻ കഴിയുന്നത്. കാരണം മാറ്റംവരേണ്ടത് നമ്മുടെ മനസിലും മനോഭാവത്തിലുമാണ്. അവിടെ മാറ്റംവരുമ്പോൾ നമ്മുടെ വാക്കുകളും പ്രവൃത്തികളും ശരിയായതായി തീരുന്നു. അങ്ങനെ മനസിലും മനോഭാവത്തിലും മാറ്റം വന്നുകഴിയുമ്പോൾ അത് കർത്താവിനോടൊത്തുള്ള ഉയിർപ്പിന്റെ ജീവിതമായിത്തീരുന്നു. മനസിലേയും മനോഭാവത്തിലേയും മാറ്റങ്ങൾ കർത്താവിന്റെ മനസിനോടും മനോഭാവത്തോടുമാണ് നമ്മെ അടുപ്പിക്കേണ്ടത്.

നോമ്പുകാലത്ത് വ്യക്തിയുടേതെന്നപോലെ സമൂഹത്തിന്റെ മനസിലും മനോഭാവത്തിലും മാറ്റങ്ങൾ വരുത്താനുള്ള പരിശീലനം കിട്ടണം. കാരണം നാമെല്ലാം സമൂഹജീവികൾ കൂടിയാണല്ലോ. അതുകൊണ്ടാണ് ഏശയ്യാ പ്രവാചകനിലൂടെ കർത്താവ് അരുളിച്ചെയ്യുന്നത്. 'ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും എല്ലാ നുകങ്ങളും ഒടിക്കുകയും ചെയ്യുന്നതല്ലേ ഞാൻ ആഗ്രഹിക്കുന്ന ഉപവാസം? (ഏശയ്യാ. 58: 57). സമൂഹത്തിലെ അനീതിയുടെ നുകമൊടിക്കുക എന്നു പറഞ്ഞാൽ സമൂഹ മനഃസാക്ഷിയെ മാറ്റുക എന്നാണർഥം. സമൂഹമൊന്നാകെ ചെയ്യുന്ന പാപങ്ങളും തുടച്ചുനീക്കപ്പെടണം. അതിന് ഓരോ സമൂഹാംഗവും കടപ്പെട്ടിരിക്കുന്നു.

സമൂഹത്തിന്റെ പാപങ്ങളെപ്പറ്റി പറയുമ്പോൾ ധാരാളം പറയാനുണ്ടെങ്കിലും രണ്ടു കാര്യങ്ങൾ എടുത്തുപറയണം. ഒന്ന് അഴിമതിയും കൈക്കൂലിയും. രണ്ട് പരിസ്ഥിതിയോട് നാം ചെയ്യുന്ന ക്രൂരത. ആദ്യത്തേതിനോട് ബന്ധപ്പെട്ടതുതന്നെയാണ് രണ്ടാമത്തേതും. കൈക്കൂലി വാങ്ങുന്നവരും കൊടുക്കുന്നവരും ഉള്ളതുകൊണ്ടാണ് പരിസ്ഥിതിയുടെ സന്തുലിതാവസ്ഥ തകർക്കാൻ മനുഷ്യൻ അവസരമൊരുക്കുന്നത്. കൈക്കൂലിയും അഴിമതിയുമാണ് നമ്മുടെ സമൂഹത്തിലെ ഒട്ടെല്ലാ പ്രശ്നങ്ങളുടെയും അടിസ്ഥാനകാരണം.

സമൂഹത്തിൽ അഴിമതിയും കൈക്കൂലിയും നടക്കുന്ന □ഒരുപാട് മേഖലകളുണ്ട്. അവിടെയെല്ലാം മാറ്റങ്ങൾ വരണം. അതിന് നമുക്കും ചിലതെല്ലാം ചെയ്യാനുണ്ട്. നാം കൈക്കൂലി കൊടുക്കുകയില്ല, വാങ്ങുകയില്ല എന്ന് തീരുമാനിച്ചാൽ കാര്യങ്ങൾ ഏറെ വ്യത്യാസപ്പെടും. പക്ഷേ നാം പീഡനം ഏൽക്കേണ്ടിവരും. അതാണ് നമ്മുടെ പീഡാനുഭവവും കുരിശുമരണവും. ഇന്നത്തെ മനുഷ്യനെ രക്ഷിക്കാനുള്ള ചുമതലയാണ് കർത്താവ് നമ്മെ ഏൽപ്പിച്ചിരിക്കുന്നത്. അത് നാം നിർവഹിക്കുമ്പോൾ നമ്മുടെ നോമ്പുകാലം സാർഥകമാകും. അങ്ങനെ കിട്ടുന്ന സന്തോഷമാണ് ഈ ലോകത്തിൽ ഉയിർപ്പിന്റെ സന്തോഷം. അതിനുള്ള ശക്തി ഈ നോമ്പുകാലത്തിലൂടെ നമുക്ക് സംഭരിക്കാം.

# നോമ്പ് – ഉയിർപ്പിലേക്കുള്ള മാർഗം

**ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം** (തലശേരി അതിരൂപതാധ്യക്ഷൻ)

ഭിത്തിയിൽ തൂക്കിയിരിക്കുന്ന കലണ്ടറുകൾ വളരെ ചിന്തോദ്ദീപകമാണ്. കറുപ്പും ചുവപ്പും നിറത്തിലുള്ള തീയതികൾ വ്യത്യസ്ത യാഥാർഥ്യങ്ങളെയാണല്ലോ സൂചിപ്പിക്കുന്നത്. ജീവിതായോധനത്തിന്റെ തിരക്കുകൾ നിറഞ്ഞ കറുത്ത ദിനങ്ങൾ കഴിഞ്ഞ് വിശ്രമവും സ്വസ്ഥതയും വാഗ്ദാനം ചെയ്യുന്ന അവധിദിവസങ്ങൾ എത്തിച്ചേരുന്നത് എത്ര ആഹ്ളാദകരമാണ്. ഇത്തരത്തിലുള്ള ഒരവസരമാണ് നോമ്പുകാലം എന്നു തോന്നുന്നു. തിരക്കും മത്സരവും നിറഞ്ഞ ജീവിതസമരത്തിനിടയിൽ ഒന്നു തിരിഞ്ഞുനോക്കാനും കണക്കെടുപ്പു നടത്താനും ആത്മവിശ്വാസത്തോടെ പുതുചുവടുകൾ വയ്ക്കാനുമുള്ള ഇടവേളയാണത്. മനസും ആത്മാവും ശരീരവും ഒന്നിച്ചാണ് നോമ്പുനോക്കേണ്ടത്. നോമ്പിന്റെ അവസാനഭാഗത്തേക്ക് നാം എത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന ദിനങ്ങളെ നമുക്ക് തീക്ഷ്ണതരമായ നോമ്പാചരണംകൊണ്ടു വിശുദ്ധീകരിക്കാം.

അമ്പതുനോമ്പിന്റെ പരിസമാപ്തിയിൽ നാം ഈശോമിശിഹായുടെ തിരുവുത്ഥാന തിരുനാൾ ആഘോഷിക്കുന്നു. തുടർന്നുവരുന്ന ഏഴ് ആഴ്ചകൾ ജീവന്റെ ആഘോഷമാണ്– ഉയിർപ്പുകാലം. ഈശോയുടെ ഉത്ഥാനമാണ് ക്രൈസ്തവവിശ്വാസത്തിന്റെ കേന്ദ്രബിന്ദു. മരിച്ചവരിൽനിന്നുള്ള ആദ്യജാതനായി ഉയിർത്തെഴുന്നേറ്റ ഈശോയെപ്പോലെ നമ്മളും ഉയിർത്തെഴുന്നേൽക്കും എന്ന് പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നു (1 കോറി 15,12–55). ഈശോയോടുകൂടെയുള്ള നിത്യജീവിതമാണ് ക്രൈസ്തവജീവിതത്തിന്റെ ലക്ഷ്യം. ഭൂമിയിൽ ജീവിക്കുമ്പോഴും സ്വർഗത്തിലെ പൗരന്മാരാണ് നമ്മൾ എന്ന കാര്യം എപ്പോഴും നമ്മെ പ്രചോദിപ്പിച്ചുകൊണ്ടിരിക്കണം.

ഉത്ഥാനം ചെയ്ത നാഥനോടൊപ്പം ജീവിക്കുന്ന നമ്മൾ ഇപ്പോഴും ഭൗതികമായ ശരീരത്തിന്റെയും ലോകത്തിന്റേയും വ്യവസ്ഥകളിൽനിന്ന് വിമോചിതരായിട്ടില്ല. ഭൂമിയിലെ ആത്മീയജീവിതം വഴിയായി ഇവിടെവച്ചുതന്നെ നമുക്ക് ഉത്ഥാനാനുഭവം ലഭിക്കും എന്നത് യുഗാന്ത്യത്തിലെ ഉത്ഥാനത്തിന്റെ പ്രത്യാശ വർധിപ്പിക്കുന്ന കാര്യമാണ്. ഈ ലോകത്തിലെ നമ്മുടെ ദൈവാനുഭവം നശിപ്പിച്ചുകളയുന്ന ഏറ്റവും വലിയ യാഥാർഥ്യം പാപമാണ്.

മിശിഹാ വസിക്കുന്ന ഉന്നതങ്ങളിലേക്കുള്ള തീർഥാടനമാണ് ന മ്മുടെ ജീവിതം. സഭാംഗങ്ങൾ എന്ന നിലയിൽ സംഘാതമായാണ് നമ്മൾ ഈ തീർഥാടനം നടത്തുന്നത്. ഈ യാത്രാവേളയിൽ നമ്മുടെ സഹചാരിയും മാർഗദർശിയും ഈശോമിശിഹായാണ്. സഭയിൽ വിശുദ്ധ കൂദാശകളും ദൈവവചനവുംവഴി അവിടുത്തെ യഥാർഥ സാന്നിധ്യവും സാമീപ്യവും നാമനുഭവിക്കുന്നു. ദൈവം സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന വിശിഷ്ടദാനങ്ങളിൽ പരമപ്രധാനമായവ വിശുദ്ധ കുർബാനയും ദൈവവചനവുമാണ്. കൂദാശാസ്വീകരണത്തിൽ നാം പ്രകടിപ്പിക്കുന്ന മന്ദത ക്രമേണ നമ്മെ വിശ്വാസജീവിതത്തിൽ നിസംഗരാക്കുകതന്നെ ചെയ്യും. ഒന്നിച്ചുള്ള പാട്ടും പ്രാർഥനയുമൊക്കെ തികച്ചും ഉപരിപ്ലവവും നൈമിഷികവുമായ വൈകാരികസംതൃപ്തിയിലേക്കല്ല, ആന്തരികമായ ദൈവാനുഭവത്തിലേക്കും ദിവ്യകാരുണ്യസ്വീകരണത്തിലെ ദൈവസംയോഗത്തിലേക്കുമാണ് നയിക്കേണ്ടത്. മറിച്ചുചിന്തിക്കുന്നവർ ശ്ലീഹന്മാരിലൂടെ കൈവന്ന വിശ്വാസം ഉപേക്ഷിച്ചു പോകുന്നത് നാം കാണുന്നുണ്ട്. ദൈവവ ചനത്തിന്റെ വികലമായ വ്യാഖ്യാനങ്ങളിലൂടെ ഈശോയാകുന്ന തായ്ത്തണ്ടിൽനിന്ന് സ്വയം മുറിച്ചുമാറ്റുകയാണ് അവർ ചെയ്യുന്നത്.

ദൈവവചനം രണ്ടായിരം കൊല്ലങ്ങളായി സംരക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് സഭയാണ്. കാരണം, ഈശോമിശിഹാ അതു സഭയെയാണ് ഭരമേല്പിച്ചിരിക്കുന്നത്. വിശുദ്ധ ലിഖിതത്തിലെ പ്രവചനങ്ങൾ ഒന്നുംതന്നെ ആരുടെയും സ്വന്തമായ വ്യാഖ്യാനത്തിനുള്ളതല്ല (2 പത്രോ 1, 20) എന്ന് വിശുദ്ധ പത്രോസ് ശ്ലീഹ അർഥശങ്കയ്ക്ക് ഇടമില്ലാതെ പ്രസ്താവിക്കുന്നത് വളരെ ശ്രദ്ധേയമാണ്. അന്ത്യവിധി, ലോകാവസാനം, മരണാനന്തരജീവിതം മുതലായ വിഷയങ്ങളെപ്പറ്റി സത്യവിശ്വാസത്തിന് വിരുദ്ധമായ കാര്യങ്ങൾ പ്രചരിപ്പിക്കുന്ന ആളുകൾ സഭാപ്രബോധനങ്ങൾ ശ്രവിക്കാതെ സ്വന്തം ആശയങ്ങളാണ് പഠിപ്പിക്കുന്നത്. ലൗകികവും അർഥശൂന്യവുമായ കെട്ടുകഥകളാണ് (1 തിമോ 4, 7) അവ എന്ന കാര്യത്തിൽ സംശയമില്ല. കാരണം അവ സുവിശേഷങ്ങളിൽ ഈശോ വെളിപ്പെടുത്തിയിരിക്കുന്ന നിത്യസത്യങ്ങളുമായോ സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളുമായോ രണ്ടായിരം വർഷങ്ങളായി സഭ അനുസ്യൂതമായും അവികലമായും പഠിപ്പിക്കുന്ന പാരമ്പര്യങ്ങളുമായോ ഒത്തുപോകുന്നില്ല. നമ്മുടെ ആത്മീയ സമരത്തിൽ ദൈവവചനംപോലെ ഫലപ്രദമായ ഒരു ആയുധം വേറെ ഇല്ല എന്നതാണ് വാസ്തവം. നോമ്പിന്റെ ബാക്കി ദിനങ്ങൾ നമുക്ക് വചനപാരായണത്തിന്റെ അനർഘാവസരമാക്കി മാറ്റാം.

നോമ്പുദിനങ്ങളെ വിശുദ്ധീകരിക്കുന്ന ശ്രേഷ്ഠായുധമാണ് കുമ്പസാരം എന്ന കൂദാശ. നമ്മുടെ ജീവിതത്തെ ദൈവം കാണുന്നതുപോലെ കാണുന്നതിനും അങ്ങനെ കുറവുകൾ പരിഹരിക്കുന്നതിനുമുള്ള അമൂല്യാവസരം. ഏതു ജീവിതാവസ്ഥയിൽ ഉള്ളവർക്കും ഏതു ജോലി ചെയ്യുന്നവർക്കും ഏതു പ്രായക്കാർക്കും ഈ ആത്മപരിശോധന കൂടിയേ തീരൂ. പാപങ്ങളേറ്റുപറഞ്ഞ് ദൈവത്തിൽനിന്ന് പാപമോചനം നേടി അവിടുത്തോടും സഹമനുഷ്യരോടും അനുരഞ്ജനപ്പെടുന്നതുപോലെ ഹൃദയഹാരിയായ മറ്റേത് അനുഭവമാണുള്ളത്? അങ്ങനെയാണ് ദൈവികസാന്നിധ്യത്തിന്റെ ഉറപ്പുള്ള വാഗ്ദാനമായ വിശുദ്ധ കുർബാന സ്വീകരിക്കാൻ നാം യോഗ്യരാകുന്നത്. എല്ലാവർക്കും അനുഗ്രഹപ്രദമായ നോമ്പുകാലദിനങ്ങൾ നേരുന്നു.

# ദാനം ചെയ്യുക, നോമ്പുകാലം അനുഗ്രഹപ്രദമാക്കുക

**മോൺ. പോളി കണ്ണൂക്കാടൻ** (നിയുക്ത ബിഷപ്, ഇരിങ്ങാലക്കുട രൂപത)

ക്രിസ്തുനാഥൻ തന്റെ പരസ്യജീവിതം ആരംഭിക്കുന്നതുതന്നെ നാല്പതു രാവും നാല്പതുപകലും നടത്തിയ പ്രാർഥനയോടെയും ഉപവാസത്തോടെയുമാണല്ലോ. പിതാവു തന്നെ ഏല്പിച്ച മഹത്തായ ദൗത്യം നിറവേറ്റാൻ ഈ പ്രാർഥനയും ഉപവാസവും വഴി അവിടുന്ന് ശക്തി സംഭരിക്കുകയായിരുന്നു. ദൈവത്തിന്റെ കരങ്ങളിലെ കരുത്തുറ്റ ഉപകരണങ്ങളായി നാം നമ്മുടെ ദൗത്യം യഥാവിധം നിർവഹിക്കാൻ ഉപവാസവും പ്രാർഥനയും കൂടിയേ തീരൂ.

ഉപവാസവും പ്രാർഥനയും അർഥവത്താകാൻ അത് ദൈവസ്നേഹവും സഹോദരസ്നേഹവും നിറഞ്ഞുതുളുമ്പുന്ന ഹൃദയത്തിൽനിന്നു പൊട്ടിപ്പുറപ്പെടുന്നതാകണം. ഹൃദയപരിവർത്തനമാണ് ഇന്നിന്റെ ഏറ്റവും ആവശ്യമായ ഘടകം. അതുകൊണ്ടാണ് ജോയേൽ പ്രവാചകൻ നിങ്ങളുടെ വസ്ത്രമല്ല, ഹൃദയമാണ് കീറേണ്ടത് എന്ന് ഉദ്ബോധിപ്പിച്ചത്. ഉപവാസത്തിന്റെ ശരിയായ അർഥത്തെക്കുറിച്ച് ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഏറെ അർഥവത്താണ്. ദുഷ്ടതയുടെ കെട്ടുകൾ പൊട്ടിക്കുകയും നുകത്തിന്റെ കയറുകൾ അഴിക്കുകയും മർദിതരെ സ്വതന്ത്രരാക്കുകയും ചെയ്യുന്നതല്ലേ നാം ആഗ്രഹിക്കുന്ന ഉപവാസം? വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും ഭവനരഹിതനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും ചെയ്യുന്നതല്ലേ അത്? അപ്പോൾ നിന്റെ വെളിച്ചം പ്രഭാതംപോലെ പൊട്ടിവിരിയും. നീ പ്രാർഥിച്ചാൽ കർത്താവ് ഉത്തരമരുളും (ഏശയ്യ 8:3-9).

നോമ്പിന്റെയും ഉപവാസത്തിന്റെയും പ്രാർഥനയുടേയും ബാഹ്യമായ പ്രകടനമാണ് ധർമദാനം. ഉപവാസത്തിന്റെയും നോമ്പിന്റെയും ഫലമായി നമുക്ക് മാറ്റിവയ്ക്കാവുന്ന സമ്പത്ത് പാവപ്പെട്ടവർക്കും ദരിദ്രർക്കും ദാനംചെയ്യാൻ കഴിഞ്ഞാൽ നമ്മുടെ നോമ്പുകാലം കൂടുതൽ അനുഗ്രഹപ്രദവും സ്വർഗീയവുമാകും. സ്വന്തമായുള്ളതെല്ലാം മറ്റുള്ളവർക്കു നൽകിയ മിശിഹായാണ് ധർമദാനത്തിന്റെ മഹനീയമായ മാതൃക. എല്ലാം മറ്റുള്ളവർക്കുവേണ്ടി വ്യയംചെയ്ത മിശിഹായ്ക്കു ശേഷിച്ചത് സ്വന്തം ശരീരവും രക്തവും മാത്രമാണ്. അതും പൂർണമായി നല്കി. ആ ശരീരം മറ്റുള്ളവർക്കുവേണ്ടി മുറിക്കപ്പെട്ടു. ആ രക്തം മറ്റുള്ളവർക്കുവേണ്ടി ചിന്തപ്പെട്ടു. ഈ സ്വയംദാനത്തിന്റെ പ്രകടനമാണ് ധർമദാനം. നമുക്കു സ്വന്തമായുള്ളവ മറ്റുള്ളവരുടെ ആവശ്യങ്ങൾക്കായി നല്കുക. സാമ്പത്തികസഹായം മാത്രമല്ല, മറിച്ച് അജ്ഞന് അറിവും രോഗിക്ക് സൗഖ്യവും അനാഥർക്ക് ആശ്രയവും നല്കുന്നത് ധർമദാനത്തിന്റെ ഭാഗമാണ്. സഹാനുഭൂതിയും സഹായവും അർഹിക്കുന്നവരോട് നിസംഗതയും നിസഹകരണവും കാട്ടുക ക്രൂരതയാണ്. മനുഷ്യത്വരാഹിത്യമാണ്.

വിശ്വാസമുള്ളവനേ നിഷ്പക്ഷമായി കാരുണ്യം പ്രകടമാക്കാൻ കഴിയുകയുള്ളൂ. വിശ്വാസവും ദാനധർമവും ജിവിതത്തിൽ പൊരുത്തപ്പെടണം. കാരുണ്യരഹിതന് കാരുണ്യമൂർത്തിയായ ക്രിസ്തുവിന്റെ ശിഷ്യനായിരിക്കുക സാധ്യമല്ല. ധർമദാനം ആന്തരികപരിവർത്തനത്തിന്റെ ബാഹ്യ അടയാളവും കൂടിയാണ്. ജീവിതപരിവർത്തനം നേടിയ സക്കേവൂസിന്റ പ്രതികരണം ഇതു വ്യക്തമാക്കുന്നു.

@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@@